മാരാമൺ കൺവൻഷൻ 2024

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

Published by: Malabar Mar Thoma Syrian Christian Evangelistic Association

2024 ഫെബ്രുവരി 13 ചൊവ്വ

## മാരാമൺ കൺവൻഷൻ മൂന്നാം ദിവസ പ്രഭാത യോഗം

# ദൈവ വചനം കാലിന് ദീപവും പാതയ്ക്ക് പ്രകാശവും

**റൈറ്റ്. റവ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**



മാരാമൺ കൺവൻഷൻ മൂന്നാം ദിവസ പ്രഭാതയോഗത്തിൽ റൈറ്റ്. റവ. ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ പ്രസംഗിക്കുന്നു

'യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളതു; അവന്റെ വിശ്വസ്തത തലമുറതലമുറയായും ഇരിക്കുന്നു." (സങ്കീർത്തനങ്ങൾ 100:5)

കഴിഞ്ഞ കാലങ്ങളിൽ രുചിച്ചറിഞ്ഞ ദൈവീക സാന്നിധ്യത്തെ തുടർന്നും അനുഭവിക്കാനും അവന്റെ ബലവും ശക്തിയും കൃപയും ലഭിക്കുവാനും എല്ലാവർക്കും കഴിയട്ടെ. പ്രാർത്ഥനയിൽ ഉറ്റിരിപ്പാനും ദൈവവചനം യഥാർത്ഥ അർത്ഥത്തിൽ ഗ്രഹിക്കുവാനും അത് മനനം ചെയ്യുവാനും ധ്യാനിക്കുവാനും സാധിക്കട്ടെ.

ദൈവവചനം കാലിന് ദീപവും പാതയ്ക്ക് പ്രകാശവുമായി തീരുവാൻ സഹായകരമാകട്ടെ. ലോകത്തിന്റെ അഭയ കേന്ദ്രങ്ങളുമല്ല ലോകം തരുന്ന സങ്കേതവും അല്ല ദൈവവചനമാണ് നമ്മുടെ ജീവിതത്തിന്റെ സങ്കേതവും അഭയ സ്ഥാനവും. ദൈവവചനം നാം മാറോട് ചേർക്കുന്നു എങ്കിൽ ദൈവവചനം നമ്മെ ദൈവത്തോട് ചേർത്തണയ്ക്കും.

ദൈവവചന ധ്യാനത്തിനായി സെഫന്യാവ് പ്രവാചകന്റെ പുസ്തകം മൂന്നാം അധ്യായം 15 മുതലുള്ള വാക്യങ്ങൾ ആണ്. 'യഹോവ നിന്റെ ന്യായവിധികളെ മാറ്റി, നിന്റെ ശത്രുവിനെ നീക്കിക്കളഞ്ഞിരിക്കുന്നു; യിസ്രായേലിന്റെ രാജാവായ യഹോവ നിന്റെ മദ്ധ്യേ ഇരിക്കുന്നു; ഇനി നീ അനർത്ഥം കാണുകയില്ല'

ഭാഗ്യ സ്മരണീയനായ ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത മാരാമൺ കൺവെൻഷനിൽ ആവർത്തിച്ച് പറഞ്ഞിരുന്ന ഒരു വാക്യമാണ് മിഖാ 6:8 – 'മനുഷ്യാ, നല്ലതു എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു: ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നതു? ദൈവജനത്തെ കുറിച്ചുള്ള ദൈവത്തിന്റെ പ്രതീക്ഷയും ഇതുതന്നെയാണ്. ന്യായം പ്രവർത്തിപ്പാനും ദയാതൽപ്പരർ ആയിരിക്കുവാനും ദൈവസന്നിധിയിൽ താഴ്മയോടെ നടപ്പാനും ഇടയാകണം.

സെഫന്യാ പ്രവാചകന്റെ പുസ്തകം ധ്യാനിക്കുമ്പോൾ ഈ ദൈവ ഉദ്ദേശം നിറവേറപ്പെടുന്നുണ്ടോ എന്നുള്ള ഒരു ചോദ്യം അവിടെ ഉന്നയിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ജനനത്തിന് 7 നൂറ്റാണ്ടുകൾ മുൻപ് പ്രവാചക ദൗത്യം നിർവഹിച്ച പ്രവാചകൻ ആണ് സെഫന്യാവ്. ദൈവവചനം നിർഭയം പ്രസ്താവിച്ചവൻ. സെഫന്യാവിന്റെ ജീവിതചരിത്രം പഠിക്കുമ്പോൾ ഒരു രാജകുടുംബാംഗം ആണെന്ന് മനസ്സിലാക്കാം. ആ ദേശത്തിന്റെ ഭരണക്രമത്തെ ചലിക്കാൻ പിടിച്ചിരുന്ന ഒരു രാജകുടുംബത്തിൽ ഉൾപ്പെടുന്ന വ്യക്തി ആയിരുന്നു സെഫന്യാവ്. കാട്ടത്തി പറക്കുന്നവനും ഇടയനും ആയ ആമോസിനെയും രാജകുടുംബത്തിൽ ഉൾപ്പെട്ട സെഫന്യാവിനെയും വിളിച്ചവനാണ് ദൈവം. അതുകൊണ്ടുതന്നെ ദൈവത്തിന്റെ തെരഞ്ഞെടുപ്പുകൾ വ്യത്യസ്തമാണ് എന്ന് നമുക്ക് മനസ്സിലാക്കാം. സെഫന്യാവിന്റെ ബാല്യവും കൗമാരവും യൗവ്വനവും ആ രാജ്യത്തിലെ ദുരന്തങ്ങൾ കാണുവാൻ ഇടയായിട്ടുള്ളതാണ്, അവൻ എല്ലാ ദുരന്തങ്ങൾക്കെല്ലാം സാക്ഷിയാണ്. ജീവിത സാഹചര്യങ്ങളുടെ മധ്യത്തിൽ നിന്നും ദൈവം അവനെ വിളിച്ചു വേർതിരിക്കുന്നു. 3 അധ്യായങ്ങളും 53 വാക്യങ്ങളും അടങ്ങിയ പ്രവാചക പുസ്തകമാണ് സെഫന്യാവിന്റേത്. സെഫന്യാവ് എന്ന പദം വെളിവാക്കുന്നത് ദൈവം ഒളിപ്പിച്ചു അഥവാ ദൈവം സംരക്ഷിച്ചു എന്നുള്ളതാണ്. ഈയൊരു അർത്ഥം വരണമെങ്കിൽ എന്തോ ആപത്കരമായ, സംഘർഷിതമായ ജീവിതാനുഭവത്തിൽ തന്നെ ജീവിച്ച വളർന്ന വ്യക്തിയാണ് സഫന്യാവ് എന്ന് നമുക്ക് മനസ്സിലാകും. ആരും സംരക്ഷിക്കാൻ ഇല്ലാത്തപ്പോൾ ഈ ജീവിത സാഹചര്യങ്ങളിലെല്ലാം പ്രവാചകനെ സംരക്ഷിച്ചത് ദൈവമാണ്. സെഫന്യാവ് പ്രവാചകന്റെ പുസ്തകത്തിലെ ഓരോ വാക്യങ്ങളിലും അന്ന് നിലനിന്നിരുന്ന ജീവിത സാഹചര്യങ്ങളെ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

> *യഹോവ നിന്റെ ന്യായവിധികളെ മാറ്റി, നിന്റെ*
> *ശത്രുവിനെ നീക്കി ക്കളഞ്ഞിരിക്കുന്നു;*
> *യിസ്രായേലിന്റെ രാജാവായ*
> *യഹോവ നിന്റെ മദ്ധ്യേ ഇരിക്കുന്നു;*
> *ഇനി നീ അനർത്ഥം കാണുകയില്ല.*

അതിൽ ഒന്നാമതാണ് സെഫന്യാ പ്രവാചകന്റെ പുസ്തകം ഒന്നാം അധ്യായം 3,6 വാക്യങ്ങളിൽ കാണുന്ന ഇടർച്ചകളും പിന്മാറ്റങ്ങളും. പിതാവിന്റെ കരങ്ങൾ പിടിച്ചുകൊണ്ട് യാത്രചെയ്കയാണ്.

ചുറ്റുപാടും അവനെ ആകർഷിക്കുന്നത് ആയിട്ടുള്ള കാഴ്ചകൾ. പിതാവിന്റെ കരങ്ങൾ വിട്ട് അവൻ അതിനെ തേടി പോകുകയാണ്. ഇതൊക്കെ തന്നെയാണ് നമ്മുടെ ജീവിതങ്ങളിലും നമ്മൾ അനുഭവിക്കുന്നത്. ഇന്ദ്രിയങ്ങൾക്ക് സുഖം നൽകുന്ന ആകർഷണം നൽകുന്നതുമായ അനുഭവങ്ങളിലേക്ക് വഴുതി പോകുവാൻ സാധ്യത നമുക്കുണ്ട്. ഉല്പത്തി മുതൽ നമ്മൾ കാണുന്നതും ഇതുതന്നെയാണ്. ഇടർച്ചകളും പിന്മാറ്റങ്ങളും ഉള്ള ഒരു സമൂഹത്തെ സെഫന്യാവിന്റെ കാലം മുതൽ നമുക്ക് കാണാവുന്നതാണ്. നമ്മുടെ ജീവിതത്തിലെ ഇടർച്ചകളും പിന്മാറ്റങ്ങളും നമ്മളിലും നമ്മുടെ സമൂഹത്തിലും ഇന്നും കണ്ടു കൊണ്ടിരിക്കുന്നു.

രണ്ടാമതായി സെഫന്യാവ് പ്രവാചകന്റെ പുസ്തകം ഒന്നാം അധ്യായം ഒമ്പതാം വാക്യത്തിൽ നാം കാണുന്നത് സാഹസവും വഞ്ചനയും നിലനിൽക്കുന്നതായ സമൂഹത്തെയാണ്. ആ സമൂഹത്തിന്റെ പ്രത്യേകത എന്ന് പറയുന്നത് സാഹസവും വഞ്ചനയും നിലനിൽക്കുന്ന സമൂഹമാണ്. പുതിയ നിയമത്തിൽ വഞ്ചനയെക്കുറിച്ച് ധ്യാനിക്കുമ്പോൾ ആദ്യമേ മനസ്സിൽ ഓടിയെത്തുന്നത് ഇസ്കരിയോത്ത യൂദയെയാണ്. 12 പേരിൽ ഒരാളായ യൂദ വഞ്ചനയുടെയും കപടതയുടെയും ചതിയുടെയും പര്യായം ആയി മാറുകയാണ്. മൂന്നര സംവത്സരം കർത്താവിനോട് ഒപ്പം സഞ്ചരിച്ചവൻ, കർത്താവിനോട് കൂടെയിരുന്ന് ഭക്ഷണത്തിന്റെ രുചി അറിഞ്ഞു പക്ഷേ ആ ഗുരുവിന്റെ രുചി അറി

**എഡിറ്റോറിയൽ കോർഡിനേറ്റേഴ്സ്**
അഡ്വ.ജേക്കബ് ജോൺ കരിക്കം
തോമസ് കോശി
**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
റവ.എബി കെ ജോഷ്വാ
പ്രൊഫ.എബ്രഹാം പി മാത്യു
റവ.ജിജി വർഗ്ഗീസ്
ഡോ.എബി തോമസ് വാരിക്കാട്
റവ. അലക്സ് വൈ.
സജി എം ജോർജ്
**ഡിസൈൻ & ലേ ഔട്ട്**
സാബു ചാക്കോ പനവേലി


*മാരാമൺ കൺവൻഷൻ മൂന്നാം ദിവസ പകൽ യോഗം. വിശ്വാസികൾ ഗാനങ്ങൾ പാടി ദൈവത്തെ മഹത്വപ്പെടുത്തു.*

യുവാൻ സാധിച്ചില്ല. ഗുരുവിനോട് കൂടെ അവൻ രാത്രികാലങ്ങളിൽ ഉറങ്ങിയവൻ ആണ്, എന്നാൽ എന്തിനുവേണ്ടി ഉണർന്നിരുന്നു എന്ന് മനസ്സിലാക്കുന്നതിൽ അവൻ പരാജയപ്പെട്ടു. ബെഥാന്യയിലെ സൽക്കാരത്തിൽ സ്വച്ഛ ജഡമാംസി തൈലം കർത്താവിന്റെ കാൽക്കൽ പൂശിയ സ്ത്രീയോട് ആ 300 വെള്ളിക്കാശിന്റെ പാഴ് ചിലവ് എന്തിനുവേണ്ടിയാണെന്ന് യൂദാ ചോദിക്കുന്നുണ്ട്. ഇതിന്റെ മൂല്യം വെറും 300 വെള്ളി കാശ് ആണെന്ന് അവൻ തന്നെ നിശ്ചയിക്കുകയാണ്. മത്തായിയുടെ സുവിശേഷം 26 ൽ നാം കാണുന്നത് 30 വെള്ളി കാശിന് ഒറ്റ കൊടുക്കുന്നതായ യൂദയെയാണ്. ഗുരുവിന്റെ മൂല്യം പൂർണമായി മനസ്സിലാക്കുവാൻ അവനു സാധിക്കുന്നില്ല. വേദപുസ്തകത്തിൽ കൃത്യമായി പറയുന്നുണ്ട് 30 വെള്ളി കാശ് യൂദായിക്ക് തൂക്കി കൊടുക്കുകയാണ് ചെയ്തത് മറിച്ച് എണ്ണി കൊടുത്തില്ല അതിന് കാരണം വില പറഞ്ഞത് കർത്താവിന്റെ മാംസം തൂക്കി കൊടുത്തവൻ ആണ്. ദൈവത്തിന്റെ ദിവസം അടുത്തിരിക്കുന്നു സാഹസവും വഞ്ചനയും കൊണ്ട് വീട് നിറയ്ക്കുന്നവരെ അവൻ സന്ദർശിക്കും എന്നുള്ളത് തീർച്ചയാണ്.

മൂന്നാമതായി സെഫന്യാവ് പ്രവാചകന്റെ പുസ്തകം ഒന്നാം അധ്യായം പതിനാറാം വാക്യത്തിൽ നാം ഇപ്രകാരം കാണുന്നു, ഉറപ്പുള്ള പട്ടണങ്ങൾക്കും ഉയരമുള്ള കൊത്തളങ്ങൾക്കും വിരോധമായി പ്രവചിക്കുന്നത് കാണാം. ഉറപ്പുള്ള പട്ടണങ്ങൾ പണിത് അതിൽ സുരക്ഷിതത്വം കണ്ടെത്തുവാൻ ശ്രമിക്കുന്നവരെയും ആ സുരക്ഷിതത്വത്തെ ഒക്കെ തവിട് പൊടി ആക്കുന്ന ഒരു ദിവസത്തെ കുറിച്ചാണ് പ്രവാചകൻ ഇവിടെ പറയുന്നത്. നിങ്ങൾ ഉയർത്തുന്ന എല്ലാ കാര്യങ്ങളും അത് നാമാവശേഷമായി തീരും എന്നാണ് പ്രവാചകൻ തന്റെ പ്രവചനത്തിലൂടെ സൂചിപ്പിക്കുന്നത്. If you don't have the security of The Almighty God, whatever you build will be destroyed. അന്യായവും സാഹസവും വഞ്ചനയും കാപട്യവും ഉറപ്പുള്ള ഗോപുരങ്ങളെ നശിപ്പിക്കുന്നു.

നാലാമതായി സെഫന്യാവ് പ്രവാചകന്റെ പുസ്തകം രണ്ടാം അധ്യായം പതിനഞ്ചാം വാക്യത്തിൽ കാണുന്നത് ഞാനേയുള്ളൂ ഞാനല്ലാതെ മറ്റാരുമില്ല എന്ന് ഹൃദയത്തിൽ പറഞ്ഞു നിർഭയം വസിച്ചിരുന്ന ഉല്ലസിത നഗരം ഇതുതന്നെ എന്ന് നാം വായിക്കുന്നുണ്ട്. ദൈവത്തിന്റെ ദിവസത്തെക്കുറിച്ചാണ് പ്രവാചകൻ ഇവിടെ പറയുന്നത്. 'ഞാൻ' എന്ന മനോഭാവം ഉൾക്കൊള്ളുന്നവരെയും സ്വാർത്ഥതയും അഹംഭാവവും അഹന്തയും രൂപപ്പെടുത്തിയവരെയുമാണ് പ്രവാചകന് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ഈ കാലഘട്ടത്തിലും ഇതുപോലെയുള്ള മനുഷ്യർ ജീവിച്ചിരിക്കുന്നു. സൂചന സേത്ത് എന്ന 39 കാരിയായ സ്ത്രീയെ കുറിച്ച് നമ്മളൊക്കെ കേട്ടിട്ടുണ്ട്. വിദ്യാസമ്പന്നയും സാമ്പത്തികമായി ഉന്നതിയും നേടിയിട്ടുള്ള ഒരു സ്ത്രീ. തന്റെ ദാമ്പത്യ ജീവിതത്തിലെ തകർച്ചയെ തുടർന്നു താനും ഭർത്താവുമായുള്ള മത്സര മനോഭാവത്തിൽ സ്വാർത്ഥയായി താൻ നൊന്ത് പ്രസവിച്ച തന്റെ കുഞ്ഞിനെ ഇല്ലായ്മ ചെയ്യുന്ന ഒരു സ്ത്രീയെയാണ് സൂചന സേത്തിൽ നാം കാണുന്നത്. എന്തിനാണ് വിദ്യാഭ്യാസം? എന്തിനാണ് നാം അറിവുകൾ നേടുന്നത്? ഇത്ര സ്വാർത്ഥമായി, ഇത്ര സങ്കുചിതമായി ഇത്ര ക്രൂരമായി നമ്മുടെ ജീവിതങ്ങൾ പോകുവാനോ? ഓർക്കുക ദൈവത്തിന്റെ ദിവസം അടുത്തിരിക്കുന്നു.

പിന്നീട് മത്സരവും മലിനതയും പീഡിപ്പിക്കുന്നതുമായ സമൂഹിക അന്തരീക്ഷം നമുക്ക് 3:1 ൽ കാണാം. ഇതുതന്നെയാണ് യെശയ്യാ പ്രവാചകന്റെ പുസ്തകം ഒന്നാം അധ്യായത്തിൽ മത്സരത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. ഈ സമൂഹത്തിൽ എന്തുകൊണ്ടാണ് മത്സരവും മലിനതയും പീഡനവും നിലനിൽക്കുന്നത് എന്ന് പ്രവാചകൻ വ്യക്തമായി പറയുന്നുണ്ട്. നാല് കാരണങ്ങൾ 1. They did not listen to the word of God. 2. They didn't accept the corrections in life. 3. They didn't trust in the God. 4. They didn't come near to the Lord.

ഇന്നത്തെ ജീവിത സാഹചര്യങ്ങളിൽ ഈ നാല് കാര്യങ്ങൾ മറികടന്നാൽ മാത്രമേ നമുക്ക് നിലനിൽക്കുവാൻ സാധിക്കുകയുള്ളൂ. നമുക്ക് ഒരു തിരിച്ചു വരവ് ആവശ്യമില്ലേ.

അന്നത്തെ സമൂഹത്തിലെ പ്രധാന സ്ഥാനികളെ കുറിച്ചാണ് 3-ാം അധ്യായം രണ്ടും മൂന്നും നാലും വാക്യങ്ങൾ ചിത്രീകരിക്കുന്നത്.

1. പ്രഭുക്കന്മാർ :- സ്നേഹത്തോടും കരുണയോടും ജനത്തിന്റെ വേദന അകറ്റേണ്ടവർ ഗർജിക്കുന്ന സിംഹങ്ങളായി മാറുന്നു.

2. ന്യായാധിപന്മാർ :- നീതി നിഷേധിക്കപ്പെടുന്നവരെ ചേർത്തുപിടിക്കേണ്ടവരാണ് എന്നാൽ അവർ വൈകുന്നേരത്തെ ചെന്നായ്ക്കളായി മാറുന്നു.

3. പ്രവാചകന്മാർ:- ദൈവീക സന്ദേശം ദൈവജനത്തിന് കൊടുത്ത് നേരായ പാതയിൽ നടത്തേണ്ടവർ എന്നാൽ അവർ ലഘു ബുദ്ധികളും വിശ്വാസപാതകന്മാരും ആയി മാറുന്നു.

4. പുരോഹിതന്മാർ:-

ദൈവ ജനത്തെ വിശുദ്ധിയുടെ അനുഭവത്തിൽ നടത്തേണ്ടവർ എന്നാൽ അവർ വിശുദ്ധമന്ദിരത്തെ അശുദ്ധമാക്കി ന്യായപ്രമാണത്തെ ബലാൽക്കാരം ചെയ്യുന്നവരായി മാറുന്നു.

'A priest is called and he is assigned to be the watchman to protect his own life and the life of the people who are interested who are entrusted to him.'

തുടർന്ന് പ്രവാചകൻ ചില ആഹ്വാനങ്ങൾ നൽകുകയാണ്. സെഫന്യാവ് പ്രവാചകന്റെ പുസ്തകം 3:15 ൽ ഇപ്രകാരം പറയുന്നു 'യഹോവ നിന്റെ ന്യായവിധികളെ മാറ്റി നിന്റെ ശത്രുവിനെ നീക്കി കളഞ്ഞിരിക്കുന്നു, ഇനി നീ അനർത്ഥം കാണുകയില്ല' ദൈവജനത്തോട് പ്രവാചകൻ പറയുകയാണ് ഒരു ശേഷിപ്പുണ്ട്. ഇത്രയധികം സ്വാർത്ഥർ ആയിരുന്നിട്ടും ദൈവം ശേഷിപ്പുകൾ ഒരുക്കി നൽകുകയാണ്. ഈ ശേഷിപ്പുകൾ കൊടുക്കുന്ന ദൈവം ആരാണ്.

ഒന്നാമതായി, God in the midst of all atrocities of my life. പ്രതികൂലങ്ങളുടെ മധ്യേയുള്ള ദൈവം, അവൻ നമ്മോടൊപ്പം എപ്പോഴും ഉണ്ട് എന്ന പ്രത്യാശ നൽകുന്ന ദൈവം. സങ്കീർത്തനങ്ങൾ 46 ൽ കോരഹ് പുത്രന്മാർ പറഞ്ഞിരിക്കുന്നത് പോലെ ജീവിതത്തിന്റെ കഷ്ടതകളിൽ ഏറ്റവും അടുത്ത തുണ ആയിരിക്കുന്നത് നമ്മുടെ ദൈവമാണ്. നമ്മുടെ സങ്കേതവും ബലവും അവൻ മാത്രമാണ്.

രണ്ടാമതായി ദൈവം വിടുവിക്കുന്നവനാണ് വീണ്ടെടുക്കുന്നവനാണ് രക്ഷിക്കുന്നവനാണ്. My god is the liberator Redeemer and saviour.

ഇയ്യോബിന്റെ ജീവിതത്തിൽ തന്റെ ഭാര്യ ദൈവത്തെ ത്യജിച്ച് മരിച്ച് കളക എന്ന് പറയുമ്പോൾ ഇയോബ് ജീവിക്കുന്നതും ഈ ഒരു ആഹ്വാനത്തിലാണ്. അവൻ എന്നെ കൈവിടുന്നവനല്ല ഉപേക്ഷിക്കുന്നവനല്ല മരിച്ച് വീണ്ടെടുക്കുന്നവനാണ് വിടുവിക്കുന്നവനാണ് രക്ഷിക്കുന്നവനാണ്.

കാൽവറി ക്രൂശിൽ കിടന്നപ്പോഴും മുൾക്കിരീടം അണിഞ്ഞപ്പോഴും പ്രപഞ്ചത്തിന്റെ വേദന മുഴുവൻ വഹിച്ചപ്പോഴും അവൻ നിലവിളിച്ചപ്പോഴും പിതാവ് മിണ്ടാതിരുന്നു.

എന്നാൽ കൂടെയുണ്ടെന്നുള്ള ഒരു പിതാവ് അവന് നൽകിയെന്നിരിക്കണം. അവസാന നിമിഷം വരെയും കൂടെ ഇരിക്കുന്ന നമ്മുടെ കർത്താവിൽ പൂർണ്ണമായി വിശ്വസിക്കുവാൻ നമുക്കിടയാകണം. ആ വിശ്വാസമാണ് ദാവീദിനെ ശൗലിന്റെ കൈയിൽ നിന്നും രക്ഷിച്ചത്. (സങ്കീ. 27).

അവസാനമായി, My God who turns tragedy of death into celebration of life. നഷ്ടപ്പെട്ട ബന്ധങ്ങളെ തിരിച്ചു തരുന്നവൻ, ശൂന്യതകളിൽ നിന്നും അധികമായി നൽകുന്നവൻ, ഒഴിഞ്ഞതിനെ നിറവാക്കുന്നവൻ, തന്നിൽ നിന്ന് അകന്നു പോയ മകനെ നോക്കിയിരുന്ന ഒരു പിതാവിന്റെ സ്നേഹം പോലെ തന്റെ മക്കളെ നോക്കി നിൽക്കുന്ന ദൈവം.

മരണാവസ്ഥകളിൽ നിന്നും പുതുജീവൻ നൽകുന്ന ഒരു ഉറവയാണ് ദൈവം. കർത്താവിൽ ആശ്രയിക്കുന്നവർക്ക് എന്നും ഒരു പുതുമ ഉണ്ടാകും. ഇന്നത്തെ സമൂഹത്തിൽ സെഫന്യാവ് പ്രവാചകന് നൽകിയിരിക്കുന്ന ആഹ്വാനങ്ങൾ മനസ്സിലാക്കുവാനും ഗ്രഹിക്കുവാനും ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ മുറുകെപ്പിടിച്ച് ജീവിക്കുവാൻ, ഏത് കഷ്ടതയുടെ അനുഭവത്തിലും അവന്റെ സന്നിധിയിൽ നമ്മുടെ അഭയയാചനകളെ കഴിക്കുവാൻ നമുക്കിടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.


*കുട്ടി പന്തലിൽ നിന്നും*

**ബൈബിൾ സ്റ്റഡി**

# പുത്തൻ യെരുശലേം ഒരു ഹരിത പട്ടണം

**റവ. ബോബി മാത്യു**

**വേദഭാഗം : വെളിപ്പാട് 21, 22**

പ്രപഞ്ചത്തിന്റെ വീണ്ടെടുപ്പ് (Restoration of whole creation) എന്ന വിഷയത്തെ വെളിപ്പാട് പുസ്തകം 21, 22, അദ്ധ്യായങ്ങൾ യുഗാന്ത്യ പ്രതീക്ഷ നൽകുന്ന വേദഭാഗമാണ്. പ്രതീക്ഷയും, പ്രത്യാശയുമാണ് ക്രിസ്തീയ ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ചാലക ശക്തികൾ ക്രിസ്തീയ ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ചാലക ശക്തികൾ. ഏഷ്യ മൈനറിലൂടെ സഞ്ചരിച്ച് പ്രേക്ഷിത പ്രവർത്തനം നിർവഹിച്ച യോഹന്നാൻ, പ്രസ്തുത ഇടങ്ങളിൽ സഭകൾ സ്ഥാപിക്കുകയും ക്രിസ്തീയ വിശ്വാസത്തിൽ നിലനിൽക്കുവാൻ ജനങ്ങളെ ശക്തികരിക്കുകയും ചെയ്തു. എന്നാൽ ഈ സുവിശേഷ വേലയോട് അസഹിഷ്ണുത പുലർത്തിയ റോമൻ ഭരണകൂടം യോഹന്നാനെ പത്മോസ് ദ്വീപിലേക്ക് നാടുകടത്തുകയാണ്. തടവറസമാനമായ, ക്ലേശംനിറഞ്ഞ ജീവിത പരിസരങ്ങളിൽ ദൈവീക അരുളപ്പാടും, സന്ദേശങ്ങളും, യോഹന്നാന് വലിയ ഊർജ്ജവും, പ്രതീക്ഷയും, പ്രത്യാശയും പകർന്ന് നൽകുകയാണ്. തന്നിലേക്ക് പകരപ്പെട്ട ഈ പ്രത്യാശാസന്ദേശം ഏഷ്യ മൈനറിലെ സഭകളിലേക്ക് എഴുതി നൽകുന്നത് വഴി, സമാന അനുഭവങ്ങളിലൂടെ കടന്നുപോകുന്ന സഭകൾക്ക് പുതുഊർജ്ജം നൽകുമെന്ന് വിശ്വസിച്ചു.

അടയാളങ്ങളിലൂടെ സംവേദിക്കുന്ന വെളിപ്പാട് പുസ്തകം ഏറെ സൂക്ഷ്മതയോടെ കൂടി മാത്രമേ പഠനവിധേയമാക്കുവാൻ സാധിക്കുകയുള്ളൂ. കേവല വാക്കുകളിലൂടെ സഞ്ചരിക്കാതെ, അതിൽ അടങ്ങിയിരിക്കുന്ന സന്ദേശം മറനീക്കി പുറത്തേക്ക് കൊണ്ടുവരാൻ ശ്രമിക്കണം. എങ്കിൽ മാത്രമേ ഇതിൽ പ്രതിപാദിക്കപ്പെടുന്ന സംഖ്യകൾ, സ്ഥലനാമങ്ങൾ, സംഭവങ്ങൾ തുടങ്ങിയവ കൃത്യമായ അർത്ഥത്തിൽ മനസ്സിലാക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ. ഇരുപത്തിയൊന്നാം അദ്ധ്യായത്തിന്റെ പശ്ചാത്തലം 17 , 18 അദ്ധ്വായങ്ങളിൽ നമുക്ക് ദർശിക്കുവാൻ സാധിക്കും. 17, 18 അദ്ധ്യായങ്ങളിൽ ബാബിലോൺ എന്ന സ്ഥലത്തെപ്രതിപാദിച്ചിരിക്കുന്നത് നമുക്ക് കാണുവാൻ സാധിക്കും. ഒരു വിശേഷണം കൂടി ഈ സ്ഥലത്തിന് നൽകുന്നുണ്ട്, അത് 'മഹതിയാം ബാബിലോൺ' എന്നാണ്. 21, 22 അദ്ധ്യായങ്ങളിൽ പുത്തൻ യെരുശലേം എന്ന സ്ഥലത്തെയും പ്രതിപാദിക്കുന്നു. ഈ രണ്ട് സ്ഥലത്തിലൂടെ, അതിനന്റെ ക്രിയാ പദത്തിലൂടെ നമ്മോട് സംവേദിക്കുവാൻ ആഗ്രഹിക്കുന്നത്, 'ബാബിലോണിൽനിന്ന് പുറത്ത് വരിക, യെരുശലേമിലേക്ക് കടക്കുക' എന്നാണ്.( Come out of Babylon enter into Jerusalem.) എന്തുകൊണ്ടായിരിക്കണം ഈ പ്രതീകങ്ങൾ നൽകിയിട്ടുണ്ടാവുക?

ബാബിലോൺ പാപത്തിന്റെയും തിന്മയുടെയും ഘടനകൾ പെരുകിയിരിക്കുന്ന ഇടമാണ്. എന്നാൽ ഇതിന് നേർവിപരീതമാണ് പുത്തൻ യെരുശലേം. അത് ദൈവീക ഉടമ്പടി ബന്ധം നിലനിൽക്കുന്ന ഇടമാണ് (God's Covenantal City).

ഉടമ്പടി തകർക്കപ്പെടുന്ന ഇടവും, ഉടമ്പടി ബന്ധം സംസ്ഥാപിക്കുന്ന ഇടവും തമ്മിലുള്ള വൈരുദ്ധ്യങ്ങളെ ഈ വേദഭാഗങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ബാബിലോൺ ഒരു പ്രതീകമാണ് ഇപ്പോൾ ദൈവജനം കടന്നുപോകുന്ന ജീവിത അവസ്ഥയുടെ പ്രതീകമാണ് ബാബിലോൺ. റോമൻ ഭരണകൂടത്തെ നേരിട്ട് പ്രതിപാദിക്കുവാൻ സാധിക്കാത്തതുകൊണ്ട് ബാബിലോൺ എന്ന പ്രതീകാത്മക നഗരത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് ചില അർത്ഥതലങ്ങളെ സംവേദനം ചെയ്യുകയാണ് ഇവിടെ. റോമൻ ഭരണകൂടത്തെ നേരിട്ട് പ്രതിപാദിക്കുവാൻ സാധിക്കാത്തതുകൊണ്ട് ബാബിലോൺ എന്ന പ്രതീകാത്മക നഗരത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് ചില അർത്ഥതലങ്ങളെ സംവേദനം ചെയ്യുകയാണ് ഇവിടെ. ബാബിലോണിൽ നിന്ന് അകലുക എന്ന് പറയുന്നത് വഴി, റോമൻ സാമ്രാജ്യത്വത്തിന്റെ പാപഘടനകളെ തള്ളി പുറത്തേക്കു കടന്നുവരിക എന്നാണ്. ജീവനുള്ളദൈവത്തെ ആരാധിക്കുവാൻ അവരെ ഇതിലൂടെ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. മ്ലേച്ഛതയുള്ള ബാബിലോണിൽ വസിക്കുന്ന മനുഷ്യർക്ക് പുത്തൻ യെരുശലേമിൽ ജീവിതവിശുദ്ധി അനിവാര്യമാണ്. അന്യദൈവങ്ങളെയും, ഭരണാധികാരിയെയും ആരാധിക്കുവാൻ പ്രേരിപ്പിക്കുന്ന റോമൻ സാമ്രാജ്യത്തെ സൂചിപ്പിക്കുന്ന ബാബിലോണിനെ പ്രതിപാദിക്കുന്നത് - വേശ്യാസ്ത്രീയുടെ രൂപകവും ആയിട്ടാണ്. എന്നാൽ യെരുശലേമിനെ ചിത്രീകരിച്ചിരിക്കുന്നത് ഭർത്താവിന് വേണ്ടി അലങ്കരിച്ച മണവാട്ടിയായിട്ടാണ്. ഇത് ദൈവവുമായുള്ള ബന്ധത്തിൽ നിന്ന് വശീകരിച്ചുകൊണ്ടുപോകുന്നതിന്റെ അടയാളമാണ്. റോമൻ ചക്രവർത്തി ആരാധനയ്ക്കായി ജനത്തെ വശീകരിക്കുന്നു. ഇവിടെയാണ് മണവാട്ടിയും മണവാളനുമായുള്ള ഊഷ്മള ബന്ധത്തിന്റെ സാംഗത്യം.



*മാരാമൺ കൺവൻഷനിൽ റവ. ബോബി മാത്യു വേദപഠനത്തിന് നേതൃത്വം നൽകുന്നു.*




ഇന്ന് നാം അനുഭവിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളുടെ മൂല കാരണം ഈ ഉടമ്പടി ബന്ധത്തിൽ വന്നുപോയ വിള്ളലുകളാണ്. ദൈവവും - പ്രപഞ്ചവും - മനുഷ്യനും തമ്മിലുള്ള ഉടമ്പടി ബന്ധത്തിന് വന്ന വീഴ്ചകളുടെ പരിണിത ഫലമാണിത്. പുത്തൻ യെരുശലേം, ദൈവസാന്നിധ്യത്തിൽ രൂപം രൂപപ്പെടുന്ന ഇടമാണ് (God's transforming City). ബാബിലോൺ എല്ലാ തിന്മ ശക്തികളുടെയും ഇരിപ്പിടം ആണ്. എന്നാൽ പുത്തൻ യെരുശലേമിൽ തിന്മ ശക്തികൾക്ക് യാതൊരു സ്ഥാനവുമില്ല. എന്നാൽ, പുത്തൻ യെരുശലേമിൽ തിന്മ ശക്തികൾക്ക് യാതൊരു സ്ഥാനവുമില്ല. എന്തൊക്കെയാണ് പുതിയ യെരുശലേമിന്റെ സവിശേഷതകൾ?

അത് ദൈവ സാന്നിദ്ധ്യത്തിന്റെ നിറവുള്ള ഇടമാണ്, അത് രൂപാന്തരപ്പെടുത്തുന്ന സാന്നിധ്യം പകരപ്പെടുന്ന ഇടമാണ്. എല്ലാം പുതുതാക്കുന്ന ദൈവിക സാന്നിധ്യം ജീവിത അവസ്ഥകളുടെ സമൂലമായ മാറ്റം വാഗ്ദാനം ചെയ്യുന്നു. ഇപ്പോഴുള്ള പീഡനത്തിന്റെ സാഹചര്യങ്ങളെ മാറ്റുവാൻ ദൈവത്തിന് സാധിക്കും. ദൈവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഇടങ്ങളിൽ എല്ലാം, 'കുഞ്ഞാട്' എന്ന പദവും ഉപയോഗിക്കുന്നുണ്ട്. ഇത് ദൈവബന്ധത്തിന്റെ അടയാളമാണ്.

**വേർതിരിവുകൾ ഇല്ലാതാക്കുന്ന ദൈവസാന്നിദ്ധ്യം.**

വേർതിരിവുകൾ ഇല്ലാതാക്കുന്നതിലൂടെ ദൈവം നമ്മോടു കൂടെയുണ്ടെന്ന് ഉറപ്പ് നൽകുകയാണ്. നമ്മുടെ വേദനകളുടെയും പ്രയാസങ്ങളുടെയും മദ്ധ്യത്തിൽ, നമ്മോട് ചേർന്ന് നിൽക്കുന്ന ദൈവീക സാന്നിദ്ധ്യത്തെ നമുക്ക് ഉറപ്പ് നൽകുന്നു. എന്നാൽ നിലനിന്നിരുന്ന റോമൻ ഭരണ സംഹിതയിൽ 'ചക്രവർത്തി ' അങ്ങ് അകലെ മാറിനിൽക്കുന്ന ഒന്നായി കാണുമ്പോൾ, ഇവിടെ ദൈവം അകലെ നിൽക്കുന്നവനല്ല, അരികെ നിൽക്കുന്നവനാണ്. പാവപ്പെട്ടവനും പണക്കാരനും എന്ന വേർതിരിവില്ലാതെ. ശ്രേണീബദ്ധക്രമങ്ങൾ ഇല്ലാത്ത, എല്ലാവർക്കും സ്വീകാര്യമായ ഇടമാണിത്. സൃഷ്ടിയോടൊപ്പം സൃഷ്ടാവായ ദൈവം

> വെളിപ്പാട് പുസ്തകം ഒരു പ്രത്യാശയുടെ പുസ്തകമാണ്. കർത്താവിനോട് ചേർന്ന് നിത്യമായ വാസം വാഗ്ദാനം ചെയ്യുന്ന പുസ്തകമാണിത്. ദൈവവുമായുള്ള ഉടമ്പടി ബന്ധത്തിൽ സമർപ്പിതരായി ജീവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

സൃഷ്ടിയുടെ വേദനകളിൽ പങ്കുചേരുന്നവനാണ്. കണ്ണിൽനിന്ന് കണ്ണുനീരിനെ തുടച്ചു കളയുന്ന ദൈവസാന്നിദ്ധ്യമാണിത്. വേദനകളുടെ മദ്ധ്യത്തിൽ മാറിനിൽക്കുന്നവൻ അല്ല മറിച്ച്, നമ്മോട് കൂടെയിരുന്ന് വേദനകളെ, കണ്ണുനീരിനെ തുടയ്ക്കുന്ന ദൈവമാണ്.

**മരണമില്ലാത്ത അവസ്ഥ വാഗ്ദാനം ചെയ്യുന്ന ദൈവസാന്നിധ്യം.**

മരണം എന്നത് ദൈവത്തിൽ നിന്നുള്ള അകൽച്ചയുടെ പ്രതീകമാണ്. മരണമില്ലാത്ത അവസ്ഥ എന്നത് ക്രിസ്തുവിനോടൊപ്പം ജീവിക്കുന്ന അവസ്ഥയാണ്. കണ്ണീർ കയങ്ങളിൽ ഉഴലുന്ന മനുഷ്യർക്ക് ഇത് പ്രത്യാശ പകരുന്ന ഇടമാണ്. പുത്തൻ യെരുശലേം എന്നത് നീതിയും സമാധാനവും നിലനിൽക്കുന്ന ഇടമാണ്. (Alternative city of justice peace and well-being). സാമ്പത്തിക ചൂഷണം നിലനിന്നിരുന്ന ഇടമാണ് ബാബിലോണും അതുവഴി പ്രതിഫലിക്കുന്ന റോമൻ സാമ്രാജ്യവും. പതിനെട്ടാം അദ്ധ്യായത്തിൽ ബാബിലോൺ തകരുമ്പോൾ കരയുന്ന മൂന്ന് കൂട്ടർ രാജാക്കന്മാരും, വ്യാപാരികളും, കപ്പലോട്ടക്കാരുമാണ്. ചൂഷണത്തിലൂടെ മുതലെടുപ്പ് നടത്തിയവർ ബാബിലോണിന്റെ തകർച്ചയിൽ കരയുക തന്നെ ചെയ്യും. പീഡനത്തിലൂടെ വളർന്ന എല്ലാ സാമ്രാജ്യങ്ങളും തകരപ്പെടും. സമാധാനം കെടുത്തുന്ന ഇത്തരം ഇടങ്ങൾക്ക് ബദലാണ് പുത്തൻ യെരുശലേം. നാല് കാര്യങ്ങളാണ് യെരുശലേമിൽ ഇല്ലാതായി എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. അതിൽ ആദ്യത്തേത് സമുദ്രമാണ്. 'സമുദ്രം ഇല്ല', എന്നുള്ളത് കലുഷിതമായ സാഹചര്യങ്ങൾ ഇനി ഉണ്ടാവുകയില്ല എന്ന ഉറപ്പാണ്. സത്യവും നീതിയും ഇല്ലാത്ത വ്യവഹാരിക ഇടങ്ങൾ ഉണ്ടാവുകയില്ല എന്ന് സൂചനയാണിത്. ഒരു തിന്മയ്ക്കും ഇനി സ്വാധീനമില്ല എന്ന് രേഖപ്പെടുത്തുകയാണ്. രണ്ടാമത് മന്ദിരമില്ല എന്നുള്ളതാണ്. ചക്രവർത്തിയാരാധന ഇല്ല, പകരം കുഞ്ഞാട് തന്നെ മന്ദിരമായി മാറും (22). മൂന്നാമതായി, ഗോപുരമില്ല എന്നതാണ് അടുത്ത പ്രതീകം. വേർതിരിപ്പുകൾ ഇല്ലാത്ത, എപ്പോഴും പരസ്പരം കാണാവുന്ന ഉൾക്കൊള്ളലിന്റെ ഇടമാണ്. സകല ശ്രേണി ബദ്ധമായ ഇടങ്ങളെയും തകർക്കുന്നതാണ്. പാരസ്പരീകതയെ ആഘോഷിക്കുന്ന ഇടമാണ്. അശുദ്ധമായതൊന്നും ഇല്ലാത്ത ഇടമാണ് പുത്തൻ യെരുശലേം എന്നതാണ് അടുത്ത പ്രതീകം. ദൈവീക



ബദലാണ് പുത്തൻ യെരുശലേം. ഇവിടെയൊരു ചൂഷണവുമില്ലാത്ത ഇടമാണ്. പരിസ്ഥിതിയെ ചൂഷണം ചെയ്യാത്ത ഇടമാണിത്. നീതി അതിന്റെ പൂർണ്ണതയിൽ ആഘോഷിക്കപ്പെടുന്ന ഇടമാണ്.



**പുത്തൻ യെരുശലേം: ജീവനെ സമൃദ്ധിയിൽ ആഘോഷിക്കുന്ന ഇടം** (City that celebrates life in fullness.)

ജീവനെ നിഷേധിക്കുന്ന ഇടമായ ബാബിലോണിനെ ഒരു കൊലപാതകിയായി ചിത്രീകരിക്കുന്നു. ഇതിന് ബദലായി പുത്തൻ യെരുശലേം ജീവനെ അതിന്റെ സമൃദ്ധിയിൽ ആഘോഷിക്കുന്ന ഇടമാണ് ഇത്. പീഡിപ്പിക്കുവാൻ പല മാർഗങ്ങൾ തേടി അലഞ്ഞിരുന്ന റോമൻ ഭരണകൂടം, വിവിധ രീതികളിലൂടെ വിശ്വാസികളെ പീഡിപ്പിച്ചിരുന്നു. ഇതിൽ നിന്നും വിഭിന്നമാണ് പുത്തൻ യെരുശലേം. ജീവദായകമായ സന്ദേശം നൽകുന്ന ഇടമാണിത്. നാല് കാര്യങ്ങളാണ് പുത്തൻ യെരുശലേമിൽ ദർശിക്കുവാൻ സാധിക്കുന്നത്. ഒന്നാമത്, ജീവന്റെ ജലനദിയാണ്. രക്തനദികൾ രൂപപ്പെട്ടിരിക്കുന്ന ഇടത്താണ് ജീവജല നദിയുടെ സാന്നിധ്യം. വെള്ളത്തിന് ഏറ്റവും അധികം കരം കൊടുത്തിരുന്ന ഇടത്താണ് സൗജന്യമായി ഒഴുകുന്ന ഈ നദിയുടെ പ്രാധാന്യം. മാലിന്യം ഏൽക്കാതെ ഒഴുകുന്ന നദി, നമ്മുടെ പാരിസ്ഥിതിക ബോധ്യങ്ങളിലേക്കുള്ള ചൂണ്ടുപലക കൂടിയാണിത്.

**ജീവവൃക്ഷം എന്നതാണ് അടുത്തത്.**

നിരന്തരം ഫലം കായ്ക്കുന്ന വൃക്ഷം, 12 മാസവും ഇടതടവില്ലാതെ ഫലങ്ങൾ നൽകുന്നു. ഒരു വൃക്ഷം ഉണ്ടെങ്കിൽ അതിൽനിന്ന് ഫലം നമ്മൾ ആഗ്രഹിക്കുന്നു. ജീവദായകമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന ഈ ജീവവൃക്ഷം, ദൈവം പ്രകൃതിയിലൂടെ നൽകുന്ന സൗഖ്യത്തിന്റെ പ്രതീകമാണ്. ദൈവം പ്രപഞ്ചത്തെ ഗൗരവമായി കാണുന്നതിന്റെ അടയാളം കൂടിയാണിത്. ദൈവത്തെയും കുഞ്ഞാടിനെയും ആരാധിക്കുന്ന ഇടമാണ് അടുത്ത പ്രതീകം. ഇത് ജീവനുള്ള ആരാധനയുടെ നവ്യഅനുഭവങ്ങൾ പകരുന്നു. ജീവനുള്ള വചനമാണ് അടുത്തത്. ജീവനുള്ള വചനമാണ് അടുത്തത്. പുതിയ യെരുശലേം ഒരു ഹരിതപട്ടണം ആണ്, അത് ജീവന്റെ പട്ടണമാണ്. ഈ ഹരിത പട്ടണത്തെ അതിന്റെ ഹരിതാഭയിൽ നിലനിർത്തുവാൻ ദൈവം ആഗ്രഹിക്കുന്നു, അത് തന്നെയാണ് നമ്മുടെ ഉത്തരവാദിത്വവും.

ഉല്പത്തി പുസ്തകം സൃഷ്ടിയെക്കുറിച്ച് പ്രതിപാദിച്ച് ആരംഭിക്കുമ്പോൾ വെളിപാട് പുസ്തകം ഹരിത പാപത്തിന്റെ മദ്ധ്യത്തിൽ ഭൂമിയെ രൂപാന്തരപ്പെടുത്തുന്ന ദൈവത്തെ വരച്ചു കാണിക്കുന്നു. ഗ്രാമങ്ങൾക്ക് മാത്രമല്ല പട്ടണങ്ങൾക്കും ഒരു ഹരിതപട്ടണമായി മാറുവാൻ സാധിക്കും.

വെളിപ്പാട് പുസ്തകം ഒരു പ്രത്യാശയുടെ പുസ്തകമാണ്. കർത്താവിനോട് ചേർന്ന് നിത്യമായ വാസം വാഗ്ദാനം ചെയ്യുന്ന പുസ്തകമാണിത്. ദൈവവുമായുള്ള ഉടമ്പടി ബന്ധത്തിൽ സമർപ്പിതരായി ജീവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അപ്പോഴാണ് പുത്തൻ യെരുശലേം എന്ന ഹരിതപട്ടണത്തിൽ നമുക്ക് വാസം സാധ്യമാകുന്നത്. ദൈവത്തിന്റെ ഉടമ്പടി ബന്ധം തകർക്കുന്ന പാപത്തിന്റെ ഘടന ഒരുക്കുന്നത് നിലവിളികളാണ്.

പ്രകൃതിയുടെ രോദനം കേൾക്കുവാൻ സാധിക്കാത്തവണ്ണം നമ്മുടെ ഗർജനം ശക്തമാവുന്നുണ്ടോ? പുത്തൻ യെരുശലേം എന്ന ഹരിത പട്ടണത്തിലെ വാസം സാധ്യമാകുന്നത് ഈ ചോദ്യങ്ങൾക്ക് നമ്മൾ മറുപടി കണ്ടെത്തുമ്പോഴാണ്.



ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ രചിച്ച കൃപയുടെ അരുവിയിൽ നിന്നും എന്ന പുസ്തകം ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത പ്രകാശനം ചെയ്യുന്നു

കുടുംബവേദി മൂന്നാം ദിവസം

# കുടുംബം : വ്യത്യസ്തതകൾ ആഘോഷിക്കപ്പെടുന്ന ഇടം

റവ. ഡോ. കെ. തോമസ്

**ദൈ**വം അനുഗ്രഹിച്ചതും ദൈവം കൽപ്പിച്ചതും ദൈവം പ്രോത്സാഹിപ്പിച്ചതുമാണ് കുടുംബം. കുടുംബത്തിന്റെ ഉള്ളിലെ ബന്ധങ്ങളെക്കുറിച്ചും ആ ബന്ധങ്ങളിൽ പാലിക്കേണ്ട കൽപ്പനകളെക്കുറിച്ചും ആ ബന്ധങ്ങളിലൂടെ ഒരു വീട് പണിതുയർത്തുന്നതിനെക്കുറിച്ചും നാം ധ്യാനിപ്പാൻ ഒരുങ്ങുന്നു. ആരാണ് ഒരു ഭാര്യയും ഭർത്താവും? ലളിതമായി പറയുകയാണെങ്കിൽ ഒരു കുതിരയും വണ്ടിയുമാണ് ഭാര്യയും ഭർത്താവും. ആരാണ് കുതിര? ആരാണ് വണ്ടി? സാധാരണയായി പറയാറുണ്ട് ഭർത്താവാണ് കുതിര ഭാര്യ വണ്ടിവും. മുമ്പ് കാർഷിക സമൂഹത്തിൽ നമ്മുടെ മാതാപിതാക്കൾ ജീവിക്കുന്ന കാലത്ത് കൃഷിയിടത്തിൽ അധ്വാനിക്കുന്ന പിതാക്കന്മാരെയും മാതാപിതാക്കളെയും അപ്രകാരം പറയാമായിരുന്നു. എന്നാൽ ഇന്ന് വ്യവസായ സമൂഹത്തിൽ തുല്യമായി അധ്വാനിക്കുന്ന ഭാര്യാ ഭർത്താക്കന്മാർ ജീവിക്കുന്ന ഈ കാലത്ത് അവർ ഇരുവരും തുല്യരാണ്.

പുരുഷനും സ്ത്രീക്കും ഈ കാലം ചില നിർവചന വ്യത്യാസങ്ങൾ വരുത്തുന്നുണ്ട്. ഈ കാർഷിക സമൂഹത്തിന്റെ സ്വഭാവത്തിൽ നിന്ന് വ്യവസായ സമൂഹത്തിന്റെ സ്വഭാവത്തിലേക്ക് ഈ വ്യതിയാനം നമുക്ക് കാണാൻ സാധിക്കും. അതുകൊണ്ടുതന്നെ ഭവനത്തിനുള്ളിലെ ബന്ധങ്ങളിൽ ചില വെല്ലുവിളികൾ ഉണ്ട്.

ഒരു കുടുംബജീവിതത്തിന്റെ സവിശേഷത എന്നുള്ളത് രണ്ടുപേരും വ്യത്യസ്തരാണ് എന്നതാണ്. വ്യത്യസ്തതകളെ ആഘോഷിക്കാൻ കഴിയുമ്പോഴാണ് ബന്ധം ബന്ധമാകുന്നത്. ഇന്ന് വ്യത്യാസമുണ്ടെന്ന് കാണുമ്പോൾ അവിടെ ഉണ്ടാകുന്ന വാക്കാണ് കലഹം. കുടുംബജീവിതം വ്യത്യസ്തകൾ ആഘോഷിക്കപ്പെടുമ്പോഴാണ് വീട് വീടായിത്തീരുന്നത്. വ്യത്യസ്തതകളാണ് വീടിന് അനുഗ്രഹമായി തീർന്നിട്ടുള്ളത്. അതുകൊണ്ട് നമുക്ക് പറയാം ഈ ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠമായ, അന്തസ്സുള്ള ബന്ധമാണ് വിശുദ്ധ വിവാഹം.

കൂടെ നിൽക്കുന്ന ആളിനെ തിരിച്ചറിയാൻ കഴിയുക

എന്റെ കൂടെ നിൽക്കുന്ന പങ്കാളിയെ വ്യത്യസ്തതകൾ തിരിച്ചറിയാൻ കഴിയുക ഏറ്റവും പ്രധാനമായുള്ള വാക്ക്, Mutual respect for the rules and roles of the family. ഇന്ന് കുടുംബത്തിൽ റോളുകളും റൂളുകളും വ്യത്യാസപ്പെടുകയാണ്. കാർഷിക സമൂഹത്തിൻറെ പഴയ കണ്ണിലല്ല, തുല്യതയിൽ രണ്ടുപേരും റൂൾസും റോൾസും നിർവ്വഹിക്കുവാൻ വിളിക്കപ്പെട്ടവരാണ്. ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികളെ മനസ്സിലാക്കി രണ്ടുപേരും കൂടെ ചേർന്ന് മുന്നോട്ടുപോകണം . ഒരു കുടുംബജീവിതം നന്നാകണമെങ്കിൽ ആവശ്യാനുസരണം ഭാര്യയും ഭർത്താവും മാറിമാറി കുതിരയും വണ്ടിയും ആകണം . നിർവചനങ്ങൾ മാറി ആവശ്യാനുസരണം ഭാര്യയും ഭർത്താവും കുതിരയും വണ്ടിയും ആകുമ്പോൾ ജീവിതം ധന്യമാകും.

**1. നമ്മുടെ കുഞ്ഞുങ്ങളെ പരിപാലനം.**

ഒരു കുടുംബജീവിതം ഏറ്റവും ശക്തമായ നേരിടുന്ന വെല്ലുവിളിയാണ് നമ്മുടെ കുഞ്ഞുങ്ങളെ പരിപാലിക്കുക എന്നുള്ളത്. ഇന്ന് കുടുംബങ്ങൾ ഒരു ന്യൂക്ലിയർ ഫാമിലി ആയി മാറിയിരിക്കുകയാണ്. അവരവരുടെ കാര്യങ്ങൾ അവരവർക്ക് തന്നെ നോക്കേണ്ടതായി വരുന്നുണ്ട് . രണ്ടുപേരും അധ്വാനിക്കുന്നവരാണ്. ഈ പരിമിതിയിൽ നിന്നുകൊണ്ടാണ് നമ്മുടെ ഒരു തലമുറ ഇവിടെ വളർന്നുവരുന്നത്. നമ്മുടെ കുഞ്ഞുങ്ങളെ വളരുന്നത് നാല് രീതിയിലാണ്. 1) അപ്പനും അമ്മയും കുഞ്ഞുങ്ങളെ ചേർത്ത് വളർത്തുന്നത്. 2) ദൂരെയിരുന്ന് മക്കളെ വളർത്തുന്നു. 3)വല്യപ്പച്ചന്റെയും വല്യമ്മച്ചിയുടെയും കൂടെ വളരുന്നു. 4) വിവാഹത്തിൽ എവിടെങ്കിലുമൊക്കെ ചേർച്ചകളില്ലാതെ വരുമ്പോൾ ഒറ്റയ്ക്ക് കുഞ്ഞുങ്ങളെ വളർത്തേണ്ട സാഹചര്യങ്ങളിലേക്ക് വരുന്നത്. ഇന്നത്തെ മാതാപിതാക്കൾക്ക് വലിയ കുറ്റബോധം മനസ്സിലുണ്ട്. ഞങ്ങൾ ആഗ്രഹിക്കുന്നതുപോലെ ഞങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുവാൻ കഴിയുന്നില്ലല്ലോ എന്നുള്ളതാണ് അത്. അടിവരയിട്ട് പറയട്ടെ കുറ്റബോധം ആവശ്യമില്ല. പക്ഷേ ഒരു കുഞ്ഞിനെ വളർത്തുവാൻ നിങ്ങൾ ഏറ്റെടുക്കുന്ന വിധങ്ങളും അതിന്റെ രീതികളും ഗൗരവമായി മനസ്സിലാക്കേണ്ടതുണ്ട്. ഒന്നാമത്തെ വാക്ക് എന്താണ് ഈ കുഞ്ഞുങ്ങളെ വളർത്തുന്നതിലൂടെ നമുക്ക് മനസ്സിലാക്കാൻ പറ്റുന്ന സന്തോഷം? ഒരു വീട്ടിൽ ഒരു കുഞ്ഞു വളരുന്നതിന് കുടുംബാന്തരീക്ഷവും കുടുംബത്തിലെ അംഗങ്ങൾ തമ്മിലുള്ള വൈകാരിക ബന്ധങ്ങളും അനുകൂലമായിരിക്കണം. ഇത് രണ്ടും ചേരുമ്പോൾ രണ്ടു കാര്യങ്ങൾ ഉണ്ടാകും ആ വ്യക്തിയുടെ ജീവിതത്തിൽ ഒരു വ്യക്തിത്തം രൂപപ്പെടും, ഒരു പെരുമാറ്റം ക്രമീകരിക്കപ്പെടും. ഒരു കുട്ടി വൈകാരികമായി അടുപ്പത്തിലായാൽ നാലു കാര്യങ്ങൾ ആ കുട്ടിക്ക് പഠിക്കാം, നല്ല ബന്ധങ്ങളിലേക്കും നല്ല വികാരങ്ങളിലേക്കും നല്ല പ്രതികരണങ്ങളിലേക്കും നല്ല പ്രകടിപ്പിക്കലുകളിലേക്കും ചെന്നെത്തും. ഇന്ന് കുഞ്ഞുങ്ങളെ വളർത്തുന്നതിൽ മക്കളെ പരിപാലിക്കുന്നതിൽ ശ്രദ്ധിക്കുവാനായി നാല് ദൂതുകൾ നാം ശ്രദ്ധയോടെ കേൾക്കുകയാണ്.



ഒന്നാമത്തെ ദൂത് ഒരു കുഞ്ഞിനെ എങ്ങനെ നേരിട്ടു വളർത്തണം? ഇന്നത്തെ തലമുറ കല്യാണത്തിന് മുമ്പ് സുഖം തരുന്നു. കല്യാണത്തിന് ശേഷവും സ്വന്തം സുഖം അന്വേഷിക്കുന്നു. തീർന്നില്ല ഒരു കുഞ്ഞു ജനിച്ചതിനു ശേഷവും സുഖിക്കുവാനായി ആഗ്രഹിക്കുന്നു. കുഞ്ഞുങ്ങൾ പോലും ഈ സുഖത്തിന് അസൗകര്യം ആയി മാറുന്നു. ഇന്ന് വിവാഹജീവിതം നേരിടുന്ന വലിയ വെല്ലുവിളി ദമ്പതികളുടെ സൗകര്യവും സുഖവും കുറഞ്ഞുപോകുന്നു.

കുഞ്ഞുങ്ങളുടെ വളർച്ചയിൽ കുടുംബജീവിതത്തിൽ സുഖിക്കുവാൻ വേണ്ടി മാത്രമല്ല നാം ജീവിക്കുന്നത് പിന്നെയോ ചില നൊമ്പരങ്ങൾ അനുഭവിക്കാൻ കൂടിയാണ്. ഒരു തലമുറ വളർന്നു വന്നതിന്റെ പിന്നിൽ ധാരാളം നൊമ്പരങ്ങൾ അറിയേണ്ടിവന്നിട്ടുണ്ട്.

രണ്ടാമതായി, കുറെ മാതാപിതാക്കൾ കുഞ്ഞുങ്ങളെ സ്ക്രീനിലൂടെയാണ് വളർത്തുന്നത്. എല്ലാദിവസവും ഈ കുഞ്ഞിനെ സ്ക്രീനിലൂടെ കാണുകയാണ്. നല്ലതാണ് കുഞ്ഞിനെ കാണാം. പക്ഷേ കുട്ടി പ്രകടിപ്പിക്കാത്ത ചില വികാരങ്ങൾ ഉള്ളിലുണ്ട്. ചില നൊമ്പരങ്ങൾ ഉള്ളിലുണ്ട്. സ്ക്രീനിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നതല്ല.

ഒറ്റയ്ക്ക് ജീവിക്കുവാൻ കാര്യങ്ങളും കാരണങ്ങളും ഉണ്ടാകാം. പരിശുദ്ധാത്മാവ് നമ്മോട് പറയുന്നു നിമ്മുടെ കുഞ്ഞുങ്ങൾ നിലവിളിക്കുന്നുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾ കണ്ണുനീർ തൂകുന്നുണ്ട്. അപ്പത്തിനു വേണ്ടി യാചിച്ച കുഞ്ഞുങ്ങൾ അപ്പനും അമ്മയ്ക്കും വേണ്ടി കരയുന്ന കാലമാണിത്. നമ്മുടെ കുഞ്ഞുങ്ങൾ ആരും അനാഥരായി വളരുന്നതിന് ഇടയാകരുത്. നിങ്ങടെ കുഞ്ഞുങ്ങളോട് നിങ്ങൾ കാണിക്കാവുന്ന ഏറ്റവും വലിയ ഔദാര്യം എന്താണെന്ന് അറിയാമോ നിങ്ങൾ അവർക്ക് ഒരു അപ്പനും അമ്മയുമായിരിക്കുകയാണ്. ഒരു പീടിയാട്രീഷന്റെ വാക്കുകളാണിത് കുറഞ്ഞപക്ഷം ഒരു അപ്പനും അമ്മയും കുഞ്ഞിനെ ആദ്യത്തെ ദിവസങ്ങൾ ചേർത്തു നിർത്തിക്കോണം' അവന്റെ ബ്രെയിൻ 80 ശതമാനത്തിന്റെ വളർച്ചയുടെ ഭാഗമാണ് അത്. ആറു വയസ്സ് വരെ ആ കുഞ്ഞിന്റെ ഇടത്തും വലത്തും നിങ്ങൾ ഉണ്ടായിരിക്കണം. നമ്മുടെ കുഞ്ഞുങ്ങളെ നമ്മൾ തന്നെ വളർത്തണം. അതിന് ആരുടെയെങ്കിലും ഒക്കെ സഹായം തേടുന്നത് കൊണ്ട് തകരാറില്ല.നമ്മൾക്ക് ദാനമായി തന്ന കുഞ്ഞുങ്ങളെ നമ്മൾ തന്നെ വളർത്തണം. ഇത് അടിസ്ഥാന ഉത്തരവാദിത്തമാണെന്ന് തിരിച്ചറിയുവാൻ നമുക്ക് കഴിയേണ്ടതുണ്ട്.

മൂന്നാമതായി, ബന്ധങ്ങളിൽ നിർമ്മിതികളിൽ മൂന്നാമതായി ശ്രദ്ധിക്കേണ്ടത് ഒരു കുടുംബ ജീവിതത്തിന്റെ ഉള്ളിലെ ആശയവിനിമയങ്ങളാണ്. വിശദീകരിച്ച് 'ഇന്ന് കുടുംബം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ഒരു കുടുംബത്തിന്റെ ഉള്ളിലെ അകലങ്ങൾ വല്ലാതെ വർദ്ധിക്കുന്നു. നമുക്ക് ഇങ്ങനെ പ്രാർത്ഥിക്കാം കർത്താവേ എന്റെ വീടിന്റെ അകലം കുറയ്ക്കുന്ന അഭിഷിക്തരായിരിക്കുവാൻ എനിക്ക് കൃപ തരണമേ. എന്താണ് ഇന്നത്തെ അകലത്തിന്റെ പ്രത്യേകത ഒന്ന് അകലും കൂട്ടുന്ന ധാരാളം ഉപകരണങ്ങൾ വർധിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ വർദ്ധനവ് കൂടുമ്പോൾ നിലവിളികൾ കൂടുകയാണ്. 1) ഭവനത്തിന്റെ ഉള്ളിൽ ആത്മനിറമുള്ള ഭാഷ സംസാരിക്കണം സോറി, പ്ലീസ്, താങ്ക്യൂ, Iam the reaosn for this failure ഇതൊക്കെ ആത്മ നിറമുള്ള ഭാഷയാണ്. ആത്മനിറമുള്ള ഭാഷ ഇത് വീട്ടിൽ സംസാരിക്കുമ്പോൾ വീടിന് രൂപാന്തരം സംഭവിക്കും, വ്യത്യാസങ്ങൾ സംഭവിക്കും.

നാലാമതായി, നമ്മുടെ കുഞ്ഞുങ്ങളെ ഈ നാളുകളിൽ നിങ്ങൾ അഭ്യസിപ്പിക്കുന്ന വാക്കുകൾ ഇതൊക്കെയാണോ ? ഒരു ഭവനത്തിന്റെ ഉള്ളിലെ ആശയവിനിമയത്തിൽ ഏറ്റവും പ്രധാനം ആത്മനിറമുള്ള ഭാഷയെ സംസാരിക്കുവാൻ കഴിയുക. എപ്പോഴെങ്കിലും ഒന്ന് കുനിയാനും എപ്പോഴെങ്കിലും തലകുനിച്ചു നിൽക്കുവാനും എപ്പോഴെങ്കിലും മൗനമായി നിൽക്കുവാനും ഒക്കെ നമുക്ക് ധൈര്യം ഉണ്ടാകുമ്പോൾ വീട് ആനന്ദിക്കുവാൻ ഇടയാകും. ഈ നാളുകളിൽ അന്യ പെട്ടുപോകുന്ന ഭാഷലേക്ക് തിരികെ വരണം. ഈ ഭാഷ പഠിക്കുവാൻ ഒരുങ്ങുന്ന ദിവസങ്ങൾ ആണല്ലോ ഇത് ഈ മാരാമൺ കൺവെൻഷൻ പന്തലിന് നടുവിൽ നിന്നുകൊണ്ട് കൈകൂപ്പി തലകുനിച്ചുകൊണ്ട് ഒരു വാക്ക് നമുക്ക് പറയാൻ കഴിയുമോ?

അഞ്ചാമതായി, വീടിന്റെ ഉള്ളിലെ രുചിയും ഭക്ഷണമേശയും തിരുത്തിയെടുക്കേണ്ട കാലമാണിത്. ഒരു ഭക്ഷണമേശയുടെ പ്രസക്തി എന്താണ്? എന്തിനാണ് ഭക്ഷണമേശയിൽ പ്രാർത്ഥിക്കുന്നത്? എന്റെ അരികിൽ ദൈവം ഉണ്ട്, ദൈവം എന്നോട് ദയ കാണിച്ചു, ദൈവം എന്നെ സ്നേഹിച്ചു. ഇന്ന് ഭക്ഷണമേശകൾ തകരുകയാണ്. എന്താണ് ഒരു ഭക്ഷണമേശ നമ്മോട് പറയുന്നത്? ഒരു ഭക്ഷണ മേശയിലാണ് രുചി അറിയുന്നത്. ഈ ഭവനത്തിന്റെ രുചി. രുചി വ്യത്യാസം വന്നവരെ തിരിച്ചറിയുന്നതും ഈ ഭക്ഷണമേശയിലാണ് . രുചി പകരാൻ ഒരുവനുണ്ടെന്ന് അറിയുന്നതും ഈ മേശയിലാണ്

ഭക്ഷണമേശ ഇന്ന് നമ്മോട് മൂന്ന് ചോദ്യങ്ങൾ ചോദിക്കുന്നു. ഞാനെന്തു ഭക്ഷിക്കുന്നു? ഞാൻ എവിടെ ഭക്ഷിക്കുന്നു? ഞാൻ ആരോടൊപ്പം ഭക്ഷിക്കുന്നു? ഈ മൂന്ന് ചോദ്യങ്ങളും ഒരു വീട് നേരിടുന്ന വെല്ലുവിളിയാണ്. നമ്മുടെ ഭക്ഷണത്തിൻറെ വലിയ സംസ്കാരം വെല്ലുവിളി നേരിടുകയാണ്. എന്നാൽ ഈ നല്ല പകലിൽ ഒരു ഭക്ഷണമേശയിലേക്ക് തിരികെ വരുവാൻ കർത്താവ് നമ്മളെ വിളിക്കുകയാണ്. വീടിന്റെ ഉള്ളിൽ സ്നേഹമുണ്ടെന്ന് തിരിച്ചറിയുന്നത് ഒരു ഭക്ഷണമേശയിലാണ്' തീർന്നില്ല ഒരു ഭക്ഷണമേശ ഇപ്പോഴും വീടിന്റെ ഉള്ളിൽ സ്നേഹം ഉണ്ടെന്നറിയിക്കുക മാത്രമല്ല സ്നേഹിക്കുവാൻ ആളുകൾ ഉണ്ടെന്നും ഭക്ഷണമേശ നമ്മുടെ പഠിപ്പിക്കുകയാണ്. ഈ ഭക്ഷണം മേശലാണ് തിരുത്തലുകളും രുചി വ്യത്യാസം വന്നവരെ കണ്ടെത്തിയതും രുചി തിരിച്ചറിയുവാൻ ഇടയായതും. ഒരു നേരമെങ്കിലും മുഖത്തോട് മുഖം നോക്കിയിരുന്ന ഭക്ഷണം കഴിക്കുവാൻ നമ്മുടെ കുടുംബങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. എന്തിനെന്നറിയാമോ എന്റെ പങ്കാളിയുടെ ജീവിതത്തിൽ മുഖ വ്യത്യാസങ്ങൾ ഭാവ വ്യത്യാസങ്ങൾ വല്ലതും വന്നിട്ടുണ്ടോ എന്ന് തിരിച്ചറിയുവാൻ ഈ ഭാവം നന്നെ സഹായിക്കും. സാധാരണ ഭക്തൻ പറയുന്നുണ്ട് ഭക്ഷണമേശ ഒരു മിഷൻ റ്റേബിൾ ആണ്. കൂട്ടായ്മകളും കരുതലുകളും ബലവും ഒക്കെ നമുക്ക് തിരിച്ചറിയുവാനായി കഴിയുന്നത് ഈ ഭക്ഷണമേശയിലാണ്.

ബന്ധങ്ങളെ തിരിച്ചറിയുവാൻ ഒരു കുടുംബത്തിന് ദൈവം നൽകിയിരിക്കുന്ന മൂന്ന് അതിരുകളെ മനസിലാക്കണം. ഒരു കുടുംബം ദൈവകൃപയുടെ അതിരുകളാൽ സംരക്ഷിക്കപ്പെട്ടിരിക്കുകയാണ്. ദൈവകൃപയുടെ അതിരുകൾ കുടുംബത്തിന്റെ ഉള്ളിലുണ്ട്. നമ്മുടെ ഭവനത്തിന് മൂന്ന് അതിരുകൾ ഉണ്ട്. ഒന്നാമത്തേത് ഭവന പ്രതിഷ്ഠയിൽ ത്രിത്വനാമത്തിൽ ജീവനുള്ളതും ജീവൻ നൽകുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രിതമായ പ്രധാന വാതിലിലെ സ്ലീബായുടെ അതിര്. ഭവനത്തിന്റെ രണ്ടാമത്തെ അതിര് വചനം. വചനത്തിന്റെ അതിരിലാണ് ഒരു ഭവനം നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

മൂന്നാമതൊരു അതിര് വിശുദ്ധ കുർബാന എന്ന അതിര്. ഒരു വീടിന്റെ മൂന്ന് അതിരുകൾ എവിടെ സംരക്ഷിക്കപ്പെടുന്നോ അവിടെയാണ് മക്കൾ ദൈവമക്കളായി തീരുന്നത്. അതിരുകൾ തകർന്നുപോകാതെ കാവൽ നിൽക്കുവാനാണ് ദൈവം നമ്മളെ വിളിച്ചിരിക്കുന്നത്. കുടുംബം ഡിസൈൻ ഒരു കുടുംബത്തിലെ ഉയർത്തുന്ന യാഗപീഠങ്ങളാണ്. കുടുംബത്തിന്റെ ഭാവി തീരുമാനിക്കുന്നത് അതിലെ പ്രാർത്ഥന മുറിയിലാണ്'.

നമ്മുടെ വീട് പ്രാർത്ഥനാ മുറിയുടെ അരികിലേക്ക് വരാൻ, നമ്മുടെ വീട്ടിലെ ഭക്ഷണ മേശകൾക്ക് വീണ്ടെടുപ്പ് ഉണ്ടാക്കുവാൻ ഭവനത്തിൻ അന്യോന്യം ക്ഷമ പറയാനുള്ള ധൈര്യം കാണിക്കുവാൻ നമ്മുടെ വീടിന്റെ ഉള്ളിലെ അതിരുകളെ സംരക്ഷിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ...

**മാരാമൺ കൺവൻഷൻ സായാഹ്നയോഗം**

# ശ്രേഷ്ഠമായതിനെ തിരഞ്ഞെടുക്കുക

**പ്രൊഫ. ഡോ. ക്ലിയോഫസ് ജെ. ലാറു**





*മാരാമൺ കൺവൻഷൻ മൂന്നാദിന രാത്രിയോഗത്തിൽ പ്രൊഫ. ഡോ. ക്ലിയോഫസ് ജെ ലാറു പസംഗിക്കുന്നു. ഭാഷാന്തരം റവ. ഡോ. ജോർജ് വർഗ്ഗീസ്*

വി. മത്താ 9:9-13

**യേ**ശുക്രിസ്തുവിൽ പ്രിയ സഹോദരങ്ങളെ ഏവർക്കും വന്ദനം.

വീണ്ടും ഈ മാരാമൺ കൺവെൻഷനിൽ വചനഘോഷണ നടത്തുവാൻ ദൈവം അനുവാദം തന്നത് വലിയ പദവിയായി ഞാൻ കണക്കാക്കുന്നു. യേശു അവിടെ നിന്ന് പോകുമ്പോൾ മത്തായി എന്ന പേരുള്ള മനുഷ്യനും സ്ഥലത്ത് ഇരിക്കുന്നത് കണ്ടു എന്നെ അനുഗമിക്ക എന്ന് അവനോട് പറഞ്ഞു അവൻ എഴുന്നേറ്റ് അവനെ അനുഗമിച്ചു. യേശുക്രിസ്തു സാധാരണയായി ദൈനംദിന ജോലിയിൽ വ്യാപൃതരായിരിക്കുന്നവരെയാണ് വിളിച്ചിട്ടുള്ളത്. അലസന്മാരെയും സമയം വൃഥാ കളയുന്നവരെയും യേശു വിളിച്ചതായിട്ട് നമ്മൾ കാണുവാൻ സാധിക്കില്ല. ദൈനംദിന ജോലിയിൽ വ്യാപൃതരായ ആളുകളുടെ അടുക്കൽ വന്ന് അവരെ ശിഷ്യത്വത്തിലേക്ക് വിളിച്ച് വേർതിരിക്കുന്ന അനുഭവം നമുക്ക് തിരുവചനത്തിലൂടെ കാണുവാൻ സാധിക്കും. മത്തായി 4:18-22 ആദ്യത്തെ നാല് ശിഷ്യന്മാരെ വിളിക്കുന്നതായിട്ട് അവിടെ രേഖപ്പെടുത്തിയിരിക്കുന്നു. പത്രോസിനെയും അന്ത്രയോസിനെയും അവർ വല വീശിക്കൊണ്ടിരുന്ന സമയത്ത് വിളിക്കുന്നതായിട്ടാണ് നമ്മൾ വായിക്കുന്നത്. യാക്കോബും യോഹന്നാനും തന്റെ പിതാവിനോട് കൂടെ വല നന്നാക്കി കൊണ്ടിരുന്നപ്പോൾ അവരെ വിളിക്കുന്നത് ആയിട്ട് നമ്മൾ കാണുന്നു. മത്തായി 9:9ൽ യേശുക്രിസ്തു വീണ്ടും മുൻകൈയെടുത്ത് മത്തായിയെ വിളിക്കുന്നതായിട്ട് നമ്മൾ കാണുന്നു. ചുങ്കക്കാരനായിരുന്ന മത്തായിയോട് എന്നെ അനുഗമിക്കാം എന്ന് പറയുന്നു. അവൻ ചുങ്ക പിരിവ് സ്ഥലത്തിരുന്ന് അവന്റെ ജോലിയിൽ വ്യാപൃതനായിരിക്കുമ്പോൾ ആണ് യേശു അവനെ കാണുന്നതും വിളിക്കുന്നതും. ചുങ്കസ്ഥലം മീൻ കൊണ്ടുവരുന്ന വഴിയോരങ്ങളിൽ ആണ് സ്ഥിതിചെയ്യുന്നത് കാരണം മീൻ പിടിക്കുന്നതിന്റെ ചുങ്കം പിരിക്കുവാൻ ആയിട്ടാണ് അങ്ങനെ ചെയ്തുകൊണ്ടിരുന്നത്. അവരുടെ മീൻ കൊണ്ടുവരുമ്പോൾ അതിന്റെ ചുങ്കം കൂടെ പിരിക്കേണ്ടതായിട്ടുണ്ട്. സാധാരണ ജീവിത അനുഭവങ്ങളിലൂടെയാണ് യേശുക്രിസ്തു നമ്മളോട് ഇടപെടുന്നതും വിളിക്കുകയും ചെയ്യുന്നത്. അവർക്ക് മറ്റൊന്നും ചെയ്യുവാൻ ഇല്ലാത്തതുകൊണ്ടല്ല ക്രിസ്തുവിന്റെ വിളിക്ക് അവർ ചെവികൊടുക്കുന്നത്. എന്നാൽ ഇതിലും വലുതായിട്ടോ മറ്റൊന്നുമില്ല എന്ന് ബോധ്യം വന്നതുകൊണ്ടാണ് അവർ ഈ വിളിക്ക് ചെവി കൊടുത്തത്. രക്ഷകന്റെ ആജ്ഞയ്ക്ക് മുൻപിൽ അവർ തങ്ങളെ തന്നെ വിധേയപ്പെടുത്തുന്നത് ഈ ഒരു വലിയ ഉൾക്കാഴ്ച ഉള്ളതുകൊണ്ടാണ്. ജീവിതത്തെ സാമാന്യമായി രൂപപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന വലിയ പ്രക്രിയയാണ് ഈ വിളിയിലൂടെ അവിടെ സംഭവിക്കുത്. ഇതിലും ശ്രേഷ്ഠമായത് ഒന്നും നിനക്ക് തിരഞ്ഞെടുക്കാനില്ല അതുകൊണ്ട് ഈ ശ്രേഷ്ഠമായതിനെ തിരഞ്ഞെടുക്കുവാൻ തക്കവണ്ണം നീ ഇപ്പോൾ എന്ത് ചെയ്തുകൊണ്ടിരിക്കുന്നുവോ അതിനെ ഉപേക്ഷിച്ചിട്ട് എന്റെ വിളിക്ക് നീ ചെവി കൊടുക്കുക. അതിന് ഏറ്റവും ഉദാത്തമായ രീതിയിലുള്ള പ്രതികരണം എന്താണെന്ന് വെച്ചാൽ അവൻ എഴുന്നേറ്റ് അവനെ അനുഗമിച്ചു. ഈയൊരു വിളി കർത്താവായ യേശുക്രിസ്തു നമ്മളോടും നടത്തുന്നതായിട്ടുള്ള ആഹ്വാനമാണ്. നിങ്ങളെന്നെ അനുഗമിക്കുക ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും. യോഹന്നാൻ 1:12 ഇ പ്രകാരം പറയുന്നു അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അവകാശം കൊടുത്തു എന്നത്രേ അവിടെ വായിക്കുന്നത്.

> ശുശ്രൂഷാമദ്ധ്യേ ഒരുപാട് പ്രതിസന്ധികൾ നിങ്ങൾ കേൾക്കേണ്ടതായിട്ട് വരും. അത് നിങ്ങളെ പിന്തിരിപ്പാൻ ഇടയാക്കി തീർത്തേക്കാം. ശുശ്രൂഷയിൽ ബലത്തോടെ നിൽക്കണമെങ്കിൽ നിങ്ങൾ ദൈവത്താൽ വിളിക്കപ്പെട്ടവരാകണം.

ഇവിടെ നാം മനസ്സിലാക്കേണ്ടത് എന്തെന്നാൽ മത്തായി അല്ല ക്രിസ്തുവിനെ തിരഞ്ഞെടുത്തത്, ക്രിസ്തു മത്തായിയെ തിരഞ്ഞെടുക്കുന്നത്. കതൃശുശ്രൂഷയിലേക്ക് വരുന്നതും ആ ശുശ്രൂഷയ്ക്ക് വേണ്ടി വിളിക്കപ്പെടുന്നതും തമ്മിൽ വലിയ അന്തരം ഉണ്ട്. കതൃശുശ്രൂഷ എന്ന് പറയുന്നത് നമ്മുടെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കേണ്ട ഒന്നല്ല മറിച്ച് ഉയരത്തിൽ നിന്ന് നമ്മുടെ മധ്യയിലേക്ക് വരേണ്ടതാണ്. ഈ ശുശ്രൂഷയ്ക്കും സേവനത്തിനുള്ള വരം ഉയരത്തിൽ നിന്നാണ് നമുക്ക് ലഭ്യമാകേണ്ടത്. ദൈവത്തിന് മാത്രമേ ഈ ശുശ്രൂഷയിലേക്ക് നമ്മളെ വിളിക്കുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ സുഹൃത്തുക്കളും മറ്റ് പല ആളുകളും ഇങ്ങനെയുള്ള ശുശ്രൂഷയ്ക്ക് വേണ്ടി മറ്റു പലരെയും പ്രേരിപ്പിച്ച് വിടുന്നതായിട്ട് കാണുവാൻ സാധിക്കുന്നു. എന്നാൽ അതിലുപരിയായിട്ട് ദൈവത്തിന് മാത്രമേ ഈ ശുശ്രൂഷയിലേക്ക് നമ്മളെ വിളിച്ച് വേർതിരിക്കുവാൻ സാധിക്കുകയുള്ളൂ എന്നുള്ള സത്യം നാം മനസ്സിലാക്കണം.

ഞങ്ങളുടെ സഭയിലെ ചില വൈദികരെ എനിക്കറിയാം. അവരുടെ മക്കളും വൈദികരാവണം ഞാൻ ആഗ്രഹിക്കുന്ന പല പിതാക്കന്മാരും ഉണ്ട്. അവരുടെ സഭാ ശുശ്രൂഷയും പാരമ്പര്യവും അവരെ ശുശ്രൂഷയിൽ നിന്ന് വിരമിക്കുമ്പോൾ അവരുടെ മക്കളിലൂടെ തുടരണമെന്ന് വലിയ ആഗ്രഹമാണ് അവരുടെ ഉള്ളിലുള്ളത്. എന്നാൽ ചില സമയങ്ങളിൽ ഇത് വേണ്ട രീതിയിൽ പ്രാവർത്തികമായി എന്ന് വരത്തില്ല. കാരണം അവരെ വിളിച്ചത് അവരുടെ അപ്പനാണ്, ദൈവമല്ല. ഈ ശുശ്രൂഷയ്ക്ക് ആയിട്ട് ദൈവത്തിന് മാത്രമേ നമ്മളെ വിളിച്ച വേർതിരിക്കുവാൻ സാധിക്കുകയുള്ളൂ. നമ്മളെ അയക്കുന്നതിന് ദൈവമാണ് പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. ഞാൻ വരുന്നതായിട്ടുള്ള കറുത്ത വർഗ്ഗക്കാരുടെ സഭാ പാരമ്പര്യമനുസരിച്ച് നിങ്ങളെ മനുഷ്യരാണ് വേർതിരിച്ചതെങ്കിൽ ആ മനുഷ്യർ തങ്ങളെ നിങ്ങളെ പിന്തിരിപ്പിക്കും എന്നൊരു പഴഞ്ചൊല്ലുണ്ട്. നിങ്ങൾ തിരഞ്ഞെടുത്തതാണ് എന്നാൽ നിങ്ങളെ അയക്കപ്പെട്ടതല്ല എങ്കിൽ നിങ്ങൾക്ക് ശുശ്രൂഷയിൽ വിജയകരമായി നിലനിൽപ്പാൻ സാധിക്കുകയില്ല. ശുശ്രൂഷമദ്ധ്യേ ഒരുപാട് പ്രതിസന്ധികൾ നിങ്ങൾ കേൾക്കേണ്ടതായിട്ട് വരും. അത് നിങ്ങളെ പിന്തിരിപ്പാൻ ഇടയാക്കി തീർത്തേക്കാം. ശുശ്രൂഷയിൽ ബലത്തോടെ നിൽക്കണമെങ്കിൽ നിങ്ങൾ ദൈവത്താൽ വിളിക്കപ്പെട്ടവരാകണം. നമുക്കെല്ലാവർക്കും ചെയ്യുവാൻ ആയിട്ട് ദൈവം വിവിധങ്ങളായിട്ടുള്ള തലങ്ങളിൽ ജോലികൾ നൽകിയിട്ടുണ്ട്. പിതാവിന്റെ ഹിതപ്രകാരം യേശുക്രിസ്തു മത്തായിയെ ഇവിടെ ശുശ്രൂഷയിലേക്ക് വിളിക്കുന്നതായിട്ട് നമ്മൾ വായിക്കുന്നു. യേശുവാണ് മത്തായിയെ തെരഞ്ഞെടുത്തത് മത്തായി അല്ല യേശുവിനെ തിരഞ്ഞെടുത്തത്. അവന്റെ ദൈനംദിന ജോലിയിൽ വ്യാപൃതനായിരുന്ന സമയത്താണ് യേശു അവനെ വിളിക്കുന്നത്. ദൈവം വിളിക്കുന്നത് തിരക്കുള്ള വരെയാണ്. നീ കുറച്ച് സമയമെടുത്ത് അവനെ അനുഗമിക്കുന്നതിന്റെ ഗുണങ്ങളും ദോഷങ്ങളും ആലോചിച്ച് ചിന്തിച്ചു നോക്കിയിട്ടു ഒരു തീരുമാനം എടുത്താൽ മതി എന്ന് ക്രിസ്തു അവനോട് പറഞ്ഞില്ല. ആ വിളിക്ക് ഒരു അടിയന്തരമായ അവസ്ഥ അതിലടങ്ങിയിട്ടുണ്ട്. ആ അടിയന്തരാവസ്ഥയിൽ ആജ്ഞയും അടങ്ങിയിട്ടുണ്ട് എന്ന് നാം മനസ്സിലാക്കണം. യേശുക്രിസ്തുവിന്റെ ആത്മീയയിൽ മത്തായി എണീറ്റ് യേശുവിനെ അനുഗമിക്കുന്നു. ബോൺ ഹോഫറിന്റെ ബുക്ക് ആയ The Cost Of Discipleship ക്രിസ്തീയ ചിന്തയിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കുവഹിക്കുന്നു. യേശു മത്തായിയെ വിളിക്കുന്നത് തന്നെ അനുഗമിക്കുക എന്നു പറഞ്ഞു കൊണ്ടാണ്. ഒരു അനുസരണത്തിലൂടെ മത്തായി അവനെ അനുഗമിക്കുന്നു. ഇതേ കാര്യം തന്നെയാണ് യേശു നമ്മോട് ആവശ്യപ്പെടുന്നത്. ആ വിളിയോട് നാം അനുസരണയോടെ പ്രതികരിക്കുമ്പോൾ യേശു നമുക്ക് ആവശ്യമായ ശക്തി ഉയരത്തിൽ നിന്ന് പകർന്നു തരും. ആ ഒരു സംഗതിയെക്കുറിച്ച് നാം എപ്പോഴും ബോധ്യമുള്ളവർ ആയിരിക്കണം. നമ്മളെ ഒരിടത്ത് തളച്ചിടുവാൻ ആയിട്ടല്ല യേശു നമ്മെ വിളിക്കുന്നത്. ഒരു വലിയ സാഹസികതയ്ക്ക് വേണ്ടിയാണ് യേശു നമ്മളെ വിളിക്കുന്നത്. യേശുക്രിസ്തുവിനെ നമ്മുടെ കഴിവുകൾ അല്ല വേണ്ടത് നമ്മുടെ ലഭ്യതയാണ് ദൈ

വത്തിന് ആവശ്യമായിരിക്കുന്നത്. നിങ്ങൾക്ക് എത്രമാത്രം കഴിവുണ്ട് എന്നതിനടിസ്ഥാനത്തിൽ അല്ല ദൈവം നമ്മുടെ വിളിക്കുന്നത് മറിച്ച് അവനെ അനുഗ്രഹിപ്പാൻ മനസ്സുണ്ടോ എന്നാണ് ദൈവം പ്രതീക്ഷിക്കുന്നത്. നമ്മുക്ക് അതിനു മനസ്സുണ്ടെങ്കിൽ അവൻ നമ്മെ കയ്യിലെടുത്ത് കുശവൻ മണ്ണിനെ രൂപപ്പെടുത്തുന്നത് പോലെ നമ്മെ രൂപപ്പെടുത്തുവാനും രൂപാന്തരപ്പെടുത്തുവാനും സാധിക്കും.

നമ്മൾ പരീക്ഷയ്ക്ക് പോകുമ്പോൾ ഒരു ചോദ്യം തന്നിട്ട് മൂന്നു ഉത്തരങ്ങൾ നമുക്ക് സൂചികയായിട്ട് നൽകും അതിൽ നിന്നും ഒന്ന് തിരഞ്ഞെടുക്കുന്നത് പോലെ ഉള്ള തിരഞ്ഞെടുപ്പ് അല്ല നമ്മളിൽനിന്ന് ക്രിസ്തു പ്രതീക്ഷിക്കുന്നത്. വളരെ ശക്തമായ രീതിയിൽ ഉള്ള ആഹ്വാനമാണ് നമുക്ക് അവൻ തരുന്നത്. അതിന്റെ ഉത്തരം ഞാൻ തീർച്ചയായിട്ടും അതിന് അനുസരിക്കുന്നു എന്നാണ് അല്ലെങ്കിൽ ഇല്ല എന്ന് നമുക്ക് പറയുവാൻ സാധിക്കും. ഊവ്വ് തീർച്ചയായും ഞാൻ നിന്നെ അനുഗമിക്കാം എന്നും ഇല്ല എന്നും നമുക്ക് പറയുവാൻ സാധിക്കും.

ആ വിളിയുടെ പ്രാധാന്യം എന്താണെന്ന് ചോദിച്ചാൽ ചടുതിയിൽ അതിനെ ഉത്തരം കൊടുക്കണം അത് അനുസരണബോധത്തോടെയുള്ള ഉത്തരമാണ് നാം കൊടുക്കേണ്ടത്. അത് പ്രവർത്തനനിരതമായ ഒരു വിളിയാണ്. ദൈവരാജ്യം അതിനു മൂർത്തീഭാവത്തിൽ നമ്മുടെ ഇടയിൽ വന്നു എന്നുള്ള വിശ്വാസത്തിൽ വേണം നാം പ്രവർത്തിപ്പാൻ. സിംഹവും കുഞ്ഞാടും ഒരുമിച്ച് വസിക്കുന്ന ദിനം സംജാതമായി എന്ന ഉൾക്കാഴ്ചയോടെ വേണം നാം പ്രവർത്തിക്കേണ്ടത്. വാളുകൾ കൊഴുക്കളായും കുന്തങ്ങൾ വാക്കത്തികളായിട്ടും രൂപപ്പെടുത്തിക്കഴിഞ്ഞു എന്നുള്ള ഉൾക്കാഴ്ചയോടുകൂടി വേണം നാം ജീവിക്കേണ്ടത്. ആ വിളിയിൽ അന്തർലീനമായ പ്രവർത്തനം ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോട് പോലെയും കവിഞ്ഞൊഴുകട്ടെ എന്ന് ആമോസ് പ്രവാചകൻ പറയുന്നതായ ആ വാക്യങ്ങളുടെ ഉൾക്കാള്ളാഴ്ച ഉൾക്കൊണ്ടുകൊണ്ട് ആയിരിക്കണം. ഒരുക്കത്തിനുള്ള സമയം ചുരുക്കമാണ്. ഇപ്പോൾ തന്നെ വ്യാപൃതരാവേണ്ട വലിയ ആവശ്യകത ഉണ്ട്. യേശുവിനെ അനുഗമിക്കുക എന്ന് പറയുന്നതായ ആ വിളി വളരെ ലഘുവായിട്ട് നമുക്ക് തോന്നാം. എന്നാൽ അത് വളരെ ആഴമുള്ളതാണ്. ഏതെങ്കിലും രീതിയിലുള്ള സംശയത്തിനോ തീരുമാനമെടുക്കുവാനുള്ള അവ്യക്തതയ്ക്കോ അവിടെ സ്ഥാനമില്ല. നമ്മുടെ ജീവിതത്തിൽ മുഖ്യ പ്രാധാന്യം കൊടുക്കേണ്ടത് ഈ ഒരു വിളിക്കാണ്. ഈ വിളി വരുമ്പോൾ നമ്മൾ എന്ത് ചെയ്യുന്നു എന്നുള്ളതല്ല ഈ വിളിയോട് നമ്മൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നുള്ളതാണ് പ്രധാനം. ലൂക്കോസിന്റെ സുവിശേഷത്തിൽ യേശു വിളിക്കുമ്പോൾ അതിന് വിമുഖത കാണിക്കുന്നതായ ചിലരെക്കുറിച്ച് യേശു അവിടെ അക്ഷമനാകുന്നത് നമ്മൾ വായിക്കുന്നു. എന്നെ അനുഗമിക്കുക എന്ന് പറഞ്ഞപ്പോൾ ഒരുത്തൻ പറയുന്നു ഞാൻ മുന്നേ പോയി എന്റെ അപ്പനെ കുഴിച്ചിടണം എന്നിട്ട് നിന്നെ വന്ന് അനുഗമിക്കാം. മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ നീയോ എന്നെ അനുഗമിക്കുക. നീ ദൈവരാജ്യത്തിന്റെ സുവിശേഷം വന്നു പ്രസംഗിക്കുക എന്ന ക്രിസ്തു പറഞ്ഞു. മറ്റൊരു മനുഷ്യൻ പറഞ്ഞു ഞാൻ നിന്നെ അനുഗമിക്കാം എന്നാൽ ഞാൻ എന്റെ വീട്ടിലുള്ളവരോട് പോയി യാത്ര പറഞ്ഞിട്ട് വരണം. യേശു അവനോട് പറയുന്നു നിനക്ക് അതിനുള്ള സമയമില്ല. കലപ്പയ്ക്ക് കൈ വെച്ചിട്ട് തിരിഞ്ഞു നോക്കുന്നവൻ ദൈവരാജ്യത്തിന് കൊള്ളാവുന്നവനല്ല. നീ വിളിക്ക് മുൻഗണന നൽകണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. മറ്റൊന്നും നമ്മുടെ ജീവിതത്തിൽ ഉണ്ടാവരുത്.

മറ്റെല്ലാ അതിനേക്കാളും ദൈവത്തിന്റെ ശബ്ദത്തിന് നമ്മൾ മുൻഗണന നൽകണം. ഈ വിളിയെ നമ്മൾ അനുസരിക്കുമ്പോൾ അതിന്റെ പ്രയോജനവും അതിന്റെ ബുദ്ധിമുട്ടുകളും നമുക്കുണ്ടാവും. ട്രിഗ്വേർ മെറ്റെൻജർ അദ്ദേഹത്തിന്റെ In Search of God എന്ന പുസ്തകത്തിൽ പഴയ നിയമത്തിലുള്ള രണ്ട് വിളികളെ കുറിച്ചുള്ള രണ്ട് രേഖകൾ അവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നാമത്തെ വിളി എന്നത് യാതൊരു വീതിയിലുള്ള മടിയും പറയാതെ അനുസരിക്കുന്ന ഒരു വിളി ആയിട്ട് കാണുവാൻ സാധിക്കും. അതിന്റെ പ്രതികരണം വളരെ അനുസരണയോടും പെട്ടെന്ന് ആയിരുന്നു. യെശയ്യാവിന്റെയും യെഹസ്കിയേലിന്റെയും മറ്റും പലരുടെയും വിളി ഇങ്ങനെയുള്ളതായിരുന്നു.

ഉസ്സിയാ രാജാവ് മരിച്ചയാണ്ടിൽ കർത്താവ് ഉയർന്നു പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നത് ഞാൻ കണ്ടു എന്ന് പറയുന്നു. അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ മന്ദിരത്തെ നിറച്ചിരുന്നു ദൈവത്തിന്റെ ശബ്ദവും ഞാൻ അവിടെ കേട്ടു. ഞാനാരെ അയക്കേണ്ടു ആർ നമുക്ക് വേണ്ടി പോകും ഉടനെ അടിയൻ ഇതാ അടിയനെ അയക്കേണമേ എന്ന് ഒരു മടിയും കൂടാതെ യെശയ്യാവ് അവിടെ പറയുന്നു. രണ്ടാമത്തെ വിളി എന്നത് മോശയെ വിളിക്കുന്ന വിളിയുമായി ബന്ധപ്പെടുത്താം. ആ വിളി കേട്ടപ്പോൾ അതിന് തടസ വാദങ്ങൾ ഉന്നയിക്കുന്നതായി നാം കാണുന്നു. ദൈവവുമായിട്ട് സംഭാഷണത്തിൽ ഏർപ്പെടുകയും വാഗ്വാദത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. ഞങ്ങളുടെ പാരമ്പര്യമനുസരിച്ച് ദൈവത്തിന്റെ ശബ്ദത്തിന് വിധേയപ്പെടുത്തി കൊടുക്കാത്തവർ ദൈവതിങ്കൽ നിന്ന് ഓടി അകലുന്നവരാണ് എന്ന് ഞങ്ങൾ പറയുന്നു. എന്നാൽ യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ ദൈവത്തിൽ നിന്ന് ആർക്കും ഓടി മറയുവാൻ സാധിക്കുകയില്ല നിങ്ങൾ ഓടുമ്പോൾ ദൈവം നിങ്ങളോട് ഗുഡ് ബൈ എന്ന് പറയും. നിങ്ങൾ ഓടിച്ചെല്ലുന്ന സ്ഥലത്ത് ദൈവം നമ്മോടു ഹലോ എന്ന് പറഞ്ഞ് സ്വീകരിക്കും. ദൈവം സർവ്വവ്യാപിയാണ്. സങ്കീർത്തനം 139 ൽ നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്ക് പോകും. തിരുസന്നിധി വിട്ട് ഞാൻ എവിടെ നിൽക്കും. ഞാൻ പാതാളത്തിൽ പോയി കിടക്ക വിരിച്ചാൽ നീ അവിടെയുണ്ട്. ഞാൻ ഉഷസ്സിൽ ചിറക് ധരിച്ച് സമുദ്രത്തിന്റെ അറ്റത്ത് ചെന്ന് പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും. നിന്റെ വലംകൈ എന്നെ പിടിക്കും.

ഞാൻ ആദ്യമായി ശുശ്രൂഷ ചെയ്ത ടെക്സസിലുള്ള ഉള്ള ഒരു പള്ളിയിലെ സ്ത്രീ എന്റെ അടുക്കൽ വന്നു. കാലിഫോർണിയൽ താമസിക്കുന്ന അവരുടെ മകനെ കുറിച്ച് പറയാൻ ചില കാര്യങ്ങൾ പറയുവാൻ എന്റെ അടുത്ത് വന്നു. അവന് ദൈവവിളി ലഭിച്ച ശുശ്രൂഷയിലേക്ക് പ്രവേശിപ്പാൻ തീരുമാനിച്ചു എന്ന് അവർ പറഞ്ഞു. ഇത് പറഞ്ഞതിന് ശേഷം അവർ പൊട്ടി കരയുവാൻ തുടങ്ങി. ഞാൻ ചോദിച്ചു എന്താണ് നിന്റെ സങ്കടത്തിന്റെ കാരണം. വർഷങ്ങൾക്കു മുൻപ് മരിച്ചുപോയ അവളുടെ ആദ്യ ഭർത്താവ് അവളുടെ കൂടെ ഉണ്ടായിരുന്നപ്പോൾ വളരെ ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വന്നു. ഇപ്രകാരമുള്ള ബുദ്ധിമുട്ടുകളും തകരാറുകളും എന്റെ മകൻ ഉണ്ടാവരുത് എന്ന് ആഗ്രഹത്തിലാണ് അവർ അവിടെനിന്ന് പൊട്ടിക്കരഞ്ഞു. ആ മകനെ ദൈവം ശുശ്രൂഷയ്ക്ക് വേണ്ടി വേർതിരിച്ചപ്പോൾ ഇവിടെ ഒരു അമ്മ പൊട്ടിക്കരയുന്നതായിട്ട് നമുക്ക് കാണാം. അമ്മയ്ക്ക് മകനെ ശുശ്രൂഷയിലേക്ക് വിടുവാൻ താല്പര്യമില്ല. ഏത് വിളിക്കും അതിന്റേതായ വില കൊടുക്കേണ്ടതായിട്ട് വരും. ധനികനായ ചെറുപ്പക്കാരൻ അതിന് വലിയ ഉദാഹരണമാണ്. അവൻ ക്രിസ്തുവിനെ അനുഗമിക്കുവാൻ ഉള്ള ഉപദേശം തള്ളിക്കളഞ്ഞു. അവന് ഒരുപാട് ആസ്തികൾ ഉണ്ടായിരുന്നു. ഏതു വിളിയിലും അതിന്റേതായിട്ടുള്ള വില കൊടുക്കേണ്ടതായിട്ടുണ്ട്. ഒരിക്കലും സ്വീകരിക്കാൻ കഴിയാത്തതായ മത്തായിയെ പോലുള്ള ഒരു വ്യക്തിയെ യേശുവിളിക്കുന്നു. എന്നാൽ അവൻ ഉടനെ എഴുന്നേറ്റ് യേശുവിനെ അനുഗമിക്കുന്നു. യേശുവിനെ അവൻ അനുഗമിക്കുന്നതിൽ അവൻ അവന്റെ എല്ലാ സുഖങ്ങളും ഉപേക്ഷിച്ചാണ് മുന്നോട്ടുവരുന്നത്. അവൻ ജോലി ചെയ്യുന്ന സ്ഥലം അവൻ അഭിമാനമായിരുന്നു എന്നാൽ അത് അവന്റെ വീഴ്ചയ്ക്കും കാരണമായി തീർന്നു. മത്തായി ഏറ്റവും ഇഷ്ടപ്പെട്ടതിൽ നിന്ന് ഓടിപ്പോയി. അവൻ അറിയുന്ന ജീവിത സാഹചര്യത്തെ അവൻ ഉപേക്ഷിച്ചു. അവന് സുഖവും സംരക്ഷണവും നൽകിയ ജീവിതം അവൻ ഉപേക്ഷിച്ചു. ഇതെല്ലാം ക്രിസ്തുവിനെ അനുഗമിക്കുന്നതിനു വേണ്ടിയിട്ടാണ്. ദൈവം നമ്മളെ വിളിക്കുന്നത് ചില തിൽ നിന്നും വിടുതൽ പ്രാപിക്കുവാൻ ആയിട്ടാണ്. ചിലർ ഈ ശിഷ്യത്വത്തിന്റെ പൂർണ്ണതയിലേക്ക് വരുന്നില്ല കാരണം അവർ പലതിനെയും ഉപേക്ഷിക്കാൻ മടി കാണിക്കുന്നു. ഉല്പത്തി 12 ൽ അബ്രഹാമിനെ

കലപ്പയ്ക്ക് കൈ വെച്ചിട്ട് തിരിഞ്ഞു നോക്കുന്നവൻ ദൈവരാജ്യത്തിന് കൊള്ളാവുന്നവനല്ല. നീ വിളിക്ക് മുൻഗണന നൽകണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. മറ്റൊന്നും നമ്മുടെ ജീവിതത്തിൽ ഉണ്ടാവരുത്.

ദൈവം വിളിക്കുന്നു. നിന്റെ ദേശത്തു നിന്ന് ചാർച്ചക്കാരെയും വിട്ട് നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് നീ ഓടി പോക. അവൻ അതെല്ലാം അനുസരിച്ചു. അവൻ അവന്റെ ഭാവിയിൽ ദൈവത്തെ വിശ്വസിച്ചു.

അവൻ വാഗ്ദത്ത ഭൂമിയിലേക്ക് പ്രവേശിക്കണം എങ്കിൽ കാണിപ്പാനിരിക്കുന്ന ദേശത്ത് അവൻ എത്തിച്ചേരണമെന്ന് സ്ഥാനത്തുനിന്ന് അവൻ പുതിയ അനുഭവത്തിലേക്ക് പോകണം. ഇതിൽനിന്നും നീ മാറി വന്നില്ല എങ്കിൽ ദൈവം നിനക്ക് തരുമെന്ന് പറഞ്ഞത് നിനക്ക് ലഭിക്കുകയില്ല. സകലതും ഉപേക്ഷിച്ചിട്ട് വേണം കർത്താവിന്റെ വിളിയെ നീ സ്വീകരിക്കുവാൻ. ഞാൻ ജനിച്ചത് ടെക്സസിലുള്ള കോർപ്പസ് ക്രിസ്റ്റി എന്ന് പറയുന്ന സ്ഥലത്താണ്. അവിടെ ഗൾഫ് ഓഫ് മെക്സിക്കോയിലെ ഒരു സമുദ്രതീരത്താണ് ഞാൻ വളർന്നത്. ഈ കേരളം ഞാൻ വളർന്ന സ്ഥലത്തെക്കുറിച്ച് എന്നെ ഓർമിപ്പിക്കുന്നു. കടൽതീരത്തെ ചൂടുള്ള കാലാവസ്ഥയിൽ ആയിരിക്കുന്നതിനേക്കാൾ കേരളത്തിൽ ഞാൻ എന്റെ സ്വന്തം ഭവനത്തിൽ ആയിരിക്കുന്ന ഒരു പ്രതീതി എനിക്ക് ലഭിക്കുന്നു. വെള്ളവും ആയിട്ട് നല്ല ബന്ധത്തിലാണ് ഞാൻ വളർന്നത്. ഞാൻ നീന്തുവാൻ പഠിക്കണമെന്ന് എന്റെ മാതാപിതാക്കൾക്ക് വളരെ നിർബന്ധമുള്ള ഒരു കാര്യമായിരുന്നു. ആറാഴ്ചത്തേക്ക് എല്ലാ ദിവസവും ഞാൻ നീന്തുവാനായി എന്റെ സമപ്രായക്കാരോടൊത്ത് പരിശീലിക്കാൻ പോകാറുണ്ടായിരുന്നു. 9 വയസ്സുള്ള എനിക്ക് അന്ന് വെള്ളത്തെ പേടിയായിരുന്നു. അമ്മ പറഞ്ഞു നടക്കില്ല നീ എങ്ങനെയായാലും നീന്തൽ പഠിച്ചേ പറ്റൂ. ഞാൻ വളരെ ഭയപ്പെട്ട നിമിഷങ്ങളെ ഓർക്കുന്നു. നീന്തൽ പരിശീലകൻ ആ കുളത്തിലേക്ക് ഇറങ്ങുവാൻ ഞങ്ങളോട് പറഞ്ഞു. വലിയ ആഴമില്ലാത്ത സ്ഥലത്താണ് അദ്ദേഹം ഇറങ്ങുവാൻ പറഞ്ഞത് അവിടെ കൈവരികൾ ഉണ്ടായിരുന്നു അതിൽ പിടിച്ച് നിൽക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു. ആ വെള്ളത്തിൽ കയ്യും കാലും ഉപയോഗിച്ച് നീന്തുവാൻ എങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്ന് അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. വെള്ളത്തിൽ ശ്വാസം എങ്ങനെ എടുക്കാം എന്ന് വരെ അദ്ദേഹം പഠിപ്പിച്ചു. ഈ സമയമൊക്കെ ഞങ്ങൾ കൈവരിയിൽ ബലമായിട്ട് പിടിച്ചു. എന്നാൽ മൂന്നാമത്തെ ആഴ്ചയിൽ അദ്ദേഹം ഞങ്ങളോട് കൈവരിയിൽ നിന്ന് കൈവിടുവാൻ ആയിട്ട് പറഞ്ഞു. നിങ്ങൾ നിങ്ങളുടെ കൈ വിടാതെ ഒരിക്കലും നീന്തുവാൻ പഠിക്കില്ല എന്ന് എന്റെ അധ്യാപകൻ എന്നോട് പറഞ്ഞു. ഞാൻ വളരെ ഭയപ്പെട്ടു. എന്നാൽ പിടിപെടുവാൻ ആയിട്ട് തന്നെ ഞാൻ അവസാനം തീരുമാനിച്ചു. ഒരു വിധത്തിൽ ഞാൻ അക്കരയ്ക്ക് എത്തി. എന്നാൽ എന്റെ കൂടെ ഉണ്ടായിരുന്ന മറ്റുള്ളവർ പിടിവിടാഞ്ഞത് കൊണ്ട് അവർക്ക് നീന്തുവാൻ സാധിച്ചില്ല. ആ പിടി വിടുവാൻ അവർക്ക് പേടിയായിരുന്നു.നീ ദൈവത്തെ വിശ്വസിക്കണം എങ്കിൽ മാത്രമേ നിനക്ക് മുന്നോട്ടു പോകുവാൻ ആയിട്ട് ഒക്കുകയുള്ളൂ. അത് നമ്മളിൽ ഒരു അനേകം മാറ്റങ്ങൾ സൃഷ്ടിക്കും. ഈ ചുങ്കക്കാരനെ ആർക്കും സ്വീകരിക്കാൻ പറ്റാത്ത രീതിയിലാണ് ക്രിസ്തു വിളിക്കുന്നത്. ഈ ചുങ്കക്കാർ ജനങ്ങളാൽ നിന്ദിക്കപ്പെട്ടവരാണ്. അവർ പറഞ്ഞതിനേക്കാൾ കൂടുതൽ ചുങ്കം അവർ പിരിക്കാറുണ്ട്.

ചുങ്കക്കാരന്റെ സ്ഥാനം കൊലയാളികളുടെയും പിടിച്ചു പറിക്കാരോടും ഒത്തതായിരുന്നു. മൂല്യച്യുതി വരുത്തുന്നവരായിരുന്നു അതുകൊണ്ടുതന്നെ അതിന്റെതായ കുറ്റബോധം അവർക്ക് ഉണ്ടായിരുന്നിരിക്കണം. മത്തായി ചുങ്കസ്ഥലത്തെ ഉന്നതസ്ഥാനം വഹിച്ചിരുന്നു. എന്നാൽ അവന് മറ്റുള്ളവരുടെ ഹൃദയത്തിൽ വേണ്ടതായിട്ടുള്ള ബഹുമാനം ലഭിച്ചിരുന്നില്ല. അങ്ങനെയുള്ള ഒരു വ്യക്തിയോട് ആണ് യേശുവിന്റെ വിളി അവന് നൽകുന്നത്. എന്തുകൊണ്ടാണ് ക്രിസ്തു അവനെ വിളിക്കുന്നത്. നമ്മളിൽ എന്തുണ്ടായി എന്ന് നോക്കിയല്ല ക്രിസ്തു വിളിക്കുന്നത്. യേശു നമ്മിൽ എന്താണ് നിക്ഷേപിക്കുന്നത് അതാണ് വിലയുള്ളത്. നമ്മൾ അവന്റെ ആജ്ഞ അനുസരിക്കുമ്പോൾ അവൻ നമ്മൾ നിക്ഷേപിക്കുന്നത് നിക്ഷേപങ്ങൾ നമ്മളെ വിലയുള്ളവരാക്കുന്നു എന്നെ അനുഗമിക്കുക ക്രിസ്തു പറയുന്നു ഞാൻ നിങ്ങളെ മനുഷ്യനെ പിടിക്കുന്നവരാക്കും. എന്താണ് നിങ്ങളുടെ ഉത്തരം.

അമ്പത് വർഷം മുൻപ് ദൈവത്തിന്റെ വിളിക്ക് വിധേയപ്പെടുത്തി കൊടുത്തതു കൊണ്ടാണ് ഇന്ന് ഞാൻ നിങ്ങളുടെ മുമ്പിൽ നിൽക്കാൻ ഇടയായത്. കോർപ്പസ് ക്രിസ്റ്റീലുള്ള കറുത്ത വർഗ്ഗക്കാരായ ദരിദ്രനായ പയ്യന് അവന്റെ ഭാവിയെക്കുറിച്ച് ഒരു ചിന്തയുമില്ല. ഒരു ദിവസം പമ്പാ നദിയുടെ വിരിമാറിൽ നിന്നുകൊണ്ട് ദൈവവചനം പ്രസംഗിക്കാൻ കഴിയും എന്ന് ഞാൻ ഒട്ടും പ്രതീക്ഷിച്ചില്ല. ഉവ്വ് എന്ന് പറയുമ്പോൾ അവൻ നമ്മളെ ഏത് സ്ഥലത്ത് കൊണ്ട് എത്തിക്കും എന്നത് നമുക്ക് സങ്കൽപ്പിക്കാൻ പോലും സാധിക്കില്ല. അവന്റെ വിളിക്ക് ഉവ്വ് എന്ന് പറയുക. അവൻ നമ്മെ വഴി നടത്തും. ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ...